**Sahyanadham**
Annual Subscription Rs. 180.00

Reg. No. KL/IDK/08/16-18
RNI Reg. No. KERMAL / 2004 / 12498
Posted at Thodupuzha Stg.



Printed at St. Martha's Offset Printers, Munckassery 685 604 Editor, Printer & Publisher. Rev. Fr. James P. Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 14
ഏപ്രിൽ 2017
ലക്കം 04



## ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 14
Issue No. : 4
Month : April 2017





*Patron*

**Mar Mathew Anikuzhikattil**
Bishop of Idukki

*Chief Editor*

**Rev. Dr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Fr. Joseph Karikoottathil

*Website & e-mail*

www.idukkidiocese.org
curiaidukkidiocese@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ | 05 |
| ഗാർഹിക സഭ: ക്രിസ്തീയ സാക്ഷ്യത്തിനുള്ള വേദി | 10 |
| ദാനധർമ്മം വിശുദ്ധീകരണമാർഗ്ഗം | 18 |
| രൂപതക്കച്ചേരി | 22 |
| ക്രിസ്തുജ്യോതി | 32 |
| വിദ്യാഭ്യാസം | 33 |
| സാമൂഹ്യസേവനം | 37 |
| ചെറുപുഷ്പ മിഷൻലീഗ് | 40 |
| കെ.സി.എസ്.എൽ. | 41 |
| മദ്യവിരുദ്ധസമിതി | 44 |
| കുടുംബ പ്രേഷിതത്വം | 45 |
| നവോമി കുടുംബകേന്ദ്രം | 46 |
| പ്രാർത്ഥനാഗ്രൂപ്പ് | 47 |
| കേരള ലേബർ മൂവ്മെന്റ് | 48 |
| ആത്മജ്യോതിയിലെ പരിപാടികൾ | 50 |
| അറിയിപ്പുകൾ | 50 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 57 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 58 |


***"I invite you not to build walls but bridges, to conquer evil with good, offence with forgiveness, to live in peace with everyone."***
*Pope Francis, Tweet, 18-03-2017*

## ഓർമ്മിക്കാൻ

### ഏപ്രിൽ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | കെ.എൽ.എം. മെയ് ദിനാചരണം, മുരിക്കാശ്ശേരി |
| 01–02 | : | തിയോളജി കോഴ്സ്, ആത്മജ്യോതി, അടിമാലി |
| 04 | : | വൈദികർക്ക് സ്റ്റഡി ഫോറം, ആത്മജ്യോതി, അടിമാലി |
| | : | കരിസ്മാറ്റിക് സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന, കനകക്കുന്ന് |
| 05 | : | വൈദികർക്ക് സ്റ്റഡി ഫോറം, വെള്ളയാംകുടി |
| 05–09 | : | അടിമാലി ബൈബിൾ കൺവെൻഷൻ |
| 10–12 | : | വിവാഹ ഒരുക്കധ്യാനം, ആത്മജ്യോതി, അടിമാലി |
| 09 | : | ഓശാന ഞായർ |
| 12 | : | കെ.എൽ.എം. നേതൃത്വ യോഗം, മുരിക്കാശ്ശേരി |
| 13 | : | പെസഹാ വ്യാഴം |
| 14 | : | പീഡാനുഭവ വെള്ളി |
| 15 | : | വലിയ ശനി, ഉയിർപ്പുകാലം ആരംഭിക്കുന്നു |
| 16 | : | നമ്മുടെ കർത്താവീശോമിശിഹായുടെ ഉയിർപ്പ് തിരുനാൾ |
| 16–21 | : | എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 21 | : | വേദസാക്ഷികളുടെ തിരുനാൾ (സകല വിശുദ്ധരുടെ തിരുനാൾ) |
| 21–23 | : | ഏലീശ്വാ ധ്യാനം, ആത്മജ്യോതി, അടിമാലി |
| 21–23 | : | നവോമി ധ്യാനം, ആത്മജ്യോതി, അടിമാലി |
| 23 | : | പുതുഞായർ |
| 24 | : | വി. ഗീവർഗ്ഗീസ് |
| 24–26 | : | വിവാഹ ഒരുക്കധ്യാനം, ആത്മജ്യോതി, അടിമാലി |
| 24–27 | : | ക്രിസ്റ്റീൻ ധ്യാനം, സ്നേഹമന്ദിരം പടമുഖം |
| | : | കെ.സി.എസ്.എൽ. നേതൃത്വ പരിശീലനക്യാമ്പ്, കോതമംഗലം പാസ്റ്ററൽ സെന്റർ, മൂവാറ്റുപുഴ |
| 25 | : | വി. മർക്കോസ് സുവിശേഷകൻ |
| 26–മെയ് 01 | : | യുവജനങ്ങൾക്ക് എഫാത്ത ധ്യാനം, ആത്മജ്യോതി, അടിമാലി |
| 29 | : | സിയന്നായിലെ വി. കത്രീന |
| | : | വാഴത്തോപ്പ് മേഖലാ ജൂബിലി കൺവൻഷൻ, കരിമ്പൻ |

C. 10. സർക്കുലർ

# മേജർ ആർച്ച് ബിഷപ്പിന്റെ സർക്കുലർ

**2017 ജനുവരി 9 മുതൽ 14 വരെ കാക്കനാട് മൗണ്ട് സെന്റ് തോമസ് സഭാകേന്ദ്രത്തിൽ സമ്മേളിച്ച സീറോ മലബാർ സഭാ മെത്രാന്മാരുടെ 25-ാമത് സിനഡിന്റെ പ്രഥമ സമ്മേളനത്തിനുശേഷം എല്ലാ സീറോ മലബാർ വിശ്വാസികൾക്കും വേണ്ടി മേജർ ആർച്ച്ബിഷപ് കർദിനാൾ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന സർക്കുലർ**

ഈശോയിൽ ഏറ്റവും സ്നേഹമുള്ള സഹോദരീ സഹോദരന്മാരേ,

സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി ആഘോഷിക്കുന്ന ഈ വർഷത്തിലെ സിനഡ് (XXV സിനഡ്, സെഷൻ 1) ജനുവരി 9-14 വരെയുള്ള ദിവസങ്ങളിൽ കൂടുകയുണ്ടായി. നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ തിരുശേഷിപ്പ് സഭാ ആസ്ഥാനമായ സെന്റ് തോമസ് മൗണ്ടിലെ ചാപ്പലിൽ പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു സിനഡിന്റെ ആരംഭം.

കാഞ്ഞിരപ്പള്ളി രൂപതയുടെ മുൻ അധ്യക്ഷൻ മാർ മാത്യു വട്ടക്കുഴി പിതാവിന്റെ നിര്യാണത്തിൽ സിനഡ് അനുശോചനം രേഖപ്പെടുത്തുകയും പ്രാർത്ഥനാഞ്ജലികൾ അർപ്പിക്കുകയും ചെയ്തു. സിനഡിലെ പൂർണ്ണ അംഗങ്ങൾ എന്ന നിലയിൽ ആദ്യമായി സംബന്ധിക്കുന്ന ഗ്രേറ്റ് ബ്രിട്ടൺ രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കലിനെയും യൂറോപ്പിലെ അപ്പസ്തോലിക വിസിറ്റേറ്റർ മാർ സ്റ്റീഫൻ ചിറപ്പണത്തിനെയും സിനഡിലേയ്ക്ക് ഔപചാരികമായി മേജർ ആർച്ചുബിഷപ്പ് സ്വാഗതം ചെയ്തു.

ക്രിസ്തുമസ്സ് കഴിഞ്ഞുള്ള ദിവസങ്ങളിലെ തിരുപ്പട്ടത്തിന്റെയും പുത്തൻകുർബാനയുടെയും പശ്ചാത്തലത്തിലാണ് സിനഡ് സമ്മേളനം നടന്നത്. സീറോ മലബാർ സഭയിൽ ആകെ 308 ഡീക്കന്മാരാണ് ഈ വർഷത്തിൽ അഭിഷിക്തരായത്, 165 സന്യാസ വൈദികരും 143 രൂപതാ വൈദികരും. സഭയ്ക്ക് ലഭിച്ച ഈ വലിയ ദാനത്തിന് നിത്യപുരോഹിതനായ ഈശോയ്ക്ക് നമുക്ക് നന്ദി പറയാം.



കേരളത്തിന് പുറത്തുള്ള പ്രവാസി മക്കളുടെ അജപാലന കാര്യങ്ങൾ സിനഡ് എന്നും അതീവതാല്പര്യത്തോടെയാണ് കാണുന്നത്. ഇന്ത്യയിൽ ചെന്നൈയിലെയും രൂപതകളില്ലാത്ത മറ്റു സ്ഥലങ്ങളിലെയും അജപാലന ശുശ്രൂഷാസംവിധാനങ്ങളെപ്പറ്റി സിനഡ് ഗൗരവമായി ചർച്ച ചെയ്തു. ഗൾഫിലെയും ഇന്ത്യയിൽ കേരളത്തിന് പുറത്തുള്ള സ്ഥലങ്ങളിലെയും അജപാലനരംഗത്തെ വെല്ലുവിളികളെപ്പറ്റി സിനഡ് ആശങ്ക രേഖപ്പെടുത്തി. ഗൾഫ് രാജ്യങ്ങളിൽ നമ്മുടെ വിശ്വാസികളുടെ ആത്മീയകാര്യങ്ങൾക്കുവേണ്ടി നാളിതുവരെ ചെയ്ത കാര്യങ്ങൾ അവലോകനം ചെയ്യപ്പെട്ടു. ഇക്കാര്യങ്ങൾക്കായി സംഘടിതവും ഫലപ്രദവുമായ കർമ്മപദ്ധതികൾ ആവിഷ്കരിക്കുവാൻ തീരുമാനിച്ചു.

സാർവത്രിക സഭയിൽ അടുത്തുവരുന്ന മെത്രാന്മാരുടെ സിനഡ് യുവജനങ്ങളെ സംബന്ധിച്ചാണല്ലോ. സഭയുടെ ശക്തി യുവജനങ്ങളാണ്. രൂപതകളിലെ യുവജന അപ്പസ്റ്റൊലേറ്റ് കൂടുതൽ ഫലപ്രദവും സംലഭ്യവുമാക്കുവാൻ വേണ്ട പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. നമ്മുടെ സഭയിലെ വൈദികപരിശീലനം, അല്മായ ശാക്തീകരണം, സാമൂഹികസേവനം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. വൈദികപരിശീലനം കാലോചിതവും ഫലപ്രദവുമാക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി സിനഡിൽ ചർച്ചയുണ്ടായി. നമ്മുടെ സെമിനാരികളിലെ അധ്യാപനരീതികൾ കൂടുതൽ ശാസ്ത്രീയമാക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്തു പ്രൊഫസർമാരുടെ അധ്യാപനരീതിയെ വിലയിരുത്തുന്ന ഒരു സംവിധാനം സെമിനാരികൾക്കുവേണ്ടി രൂപീകരിക്കാൻ ഇതുമായി ബന്ധപ്പെട്ട സിനഡൽ കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

മറ്റു ക്രിസ്തീയവിഭാഗങ്ങളുമായി ബന്ധം പരിപോഷിപ്പിക്കുവാൻ സഹായകമാകുന്ന ഒരു എക്യുമെനിക്കൽ ഡയറക്ടറിക്കു സിനഡ് രൂപം കൊടുക്കുകയുണ്ടായി. അല്മായ പ്രേഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്തു അനുയോജ്യമായ പരിശീലനം നൽകി

സീറോ മലബാർ സഭയിൽ ഒരു അല്മായ മുന്നേറ്റത്തിന് വഴിയൊരുക്കേണ്ടതാണെന്ന് സിനഡ് പിതാക്കന്മാർ അഭിപ്രായപ്പെട്ടു. നേരിട്ടുള്ള മിഷൻ പ്രവർത്തനം (*Mission ad Gentes*) കണക്കിലെടുത്തു പ്രേഷിതാഭിമുഖ്യമുള്ള അല്മായർ സുവിശേഷപ്രഘോഷകരാകേണ്ടതിന്റെ ആവശ്യകത പലരും ചൂണ്ടിക്കാണിക്കുകയുണ്ടായി. അല്മായശാക്തീകരണത്തിന്റെ (lay empowerment) രംഗത്ത് ഇനിയും നമ്മുടെ സഭ വളരെ മുന്നോട്ടുപോകേണ്ടതുണ്ട്. ഇത്തരുണത്തിൽ അല്മായപ്രേഷിത സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ചെറുപുഷ്പ മിഷൻ ലീഗിന്റെ സംഘടനാപരമായ സ്വഭാവം എപ്രകാരം വികസിപ്പിക്കണമെന്നതിനെക്കുറിച്ച് സിനഡ് ചർച്ച നടത്തി.

ഈയിടെ ശ്രീലങ്കയിൽ വച്ച് നടന്ന ഏഷ്യയിലെ മെത്രാൻസമിതി (FABC) യോഗത്തിൽ സംബന്ധിച്ച സീറോ മലബാർ സഭയിലെ പിതാക്കന്മാർ അതിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. പതിവുള്ളതുപോലെ മുൻ സിനഡിലെ ചർച്ചകളെ പുനരവലോകനം ചെയ്യുകയും തീരുമാനങ്ങളെ വിലയിരുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ പ്രകൃതി സംരക്ഷണവും, സിവിക് കൾച്ചറും സംബന്ധിച്ച ഒരു കൈപ്പുസ്തകം (handbook) മാർ തോമസ് ചക്യത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. "ഞാനും എന്റെ ഭൂമിയും ഞാനും എന്റെ സമൂഹവും" എന്ന പേരിലുള്ള ഈ പുസ്തകം ഹരിത വികസന പദ്ധതികളെപ്പറ്റിയും സഭയ്ക്ക് അതിലുള്ള പങ്കാളിത്തത്തെപ്പറ്റിയും പരാമർശിക്കുന്നു. Solar Energy, Water Pollution, Waste Management, ശുചിത്വ പരിശീലനം തുടങ്ങിയ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഈ പുസ്തകം എല്ലാവർക്കും വിശിഷ്യ, നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും, ഉപകാരപ്രദമാണ്. രൂപതാതലത്തിൽ ഇടവകകളിലും സംഘടനകളിലും ഈ പുസ്തകത്തിന്റെ പ്രചാരണത്തിനായി ശ്രമിക്കുമല്ലോ.

സാർവ്വത്രിക സഭയിലെ മെത്രാൻ സിനഡിന്റെ കുടുംബജീവിതത്തെപ്പറ്റിയുള്ള പ്രബോധനരേഖ (*Amoris laetitia*) പ്രചരിപ്പിക്കുവാനും പ്രാവർത്തികമാക്കുവാനും നമ്മുടെ രൂപതകൾ നടത്തിയ



പരിശ്രമങ്ങളും, സംരംഭങ്ങളും ശ്ലാഘനീയമാണ്. അതിന്റെ ഓരോ രൂപതകളിലെയും റിപ്പോർട്ടുകൾ സഭാതലത്തിൽ ക്രോഡീകരിച്ച് റോമിലേക്ക് അയച്ചിട്ടുണ്ട്. കുടുംബ ജീവിതം സഭാജീവിതത്തിലെ അതിപ്രധാനമായ ഒന്നാകയാൽ ക്രിസ്തീയ സാക്ഷ്യത്തിനു ഈ പ്രബോധനരേഖ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ ഇടവകതലത്തിൽ നടപ്പിലാക്കാൻ പരിശ്രമിക്കേണ്ടതാണെന്ന് ഈ അവസരത്തിൽ ഉദ്ബോധിപ്പിക്കുന്നു.

ഈ സിനഡിൽ പരിഗണനയ്ക്കു വിഷയമാക്കിയ മറ്റൊന്നാണ് യോഗയുടെ പരിശീലനം. ഭാരതീയ സംസ്കാരത്തിൽ യോഗയുടെ സ്ഥാനം അംഗീകരിച്ചുകൊണ്ടുതന്നെ അത് വെറും ഒരു ശാരീരിക മുറയായിട്ടോ (Physical exercise) ഏകാഗ്രതയ്ക്കോ, ധ്യാനത്തിനോ വേണ്ടിയുള്ള ശാരീരികാവസ്ഥയായിട്ടോ മാത്രമേ കണക്കാക്കാൻ പാടുള്ളൂ. ദൈവാനുഭവവും, ഈശ്വരാഭിമുഖ്യവും യോഗയിലൂടെ സാധിക്കും എന്ന് ചിന്തിക്കുന്നത് ശരിയല്ല. നാം വിശ്വസിക്കുന്ന ദൈവം വ്യക്തിപരമായ ദൈവമാണ് (Personal God). ഒരു പ്രത്യേക ശാരീരികാവസ്ഥയിൽ പ്രാപിക്കാവുന്ന (trascendental) ഒന്നല്ല ദൈവം. യോഗവിഷയത്തിൽ സഭേതര നിലപാടുകൾ സ്വീകരിക്കുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പാടില്ല. ഇത്തരുണത്തിൽ കത്തോലിക്കാ വിശ്വാസത്തിനു എതിരായിട്ടുള്ളതും സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ അംഗീകരിക്കാത്തതുമായ പ്രാർത്ഥനാഗ്രൂപ്പുകളിലും ആത്മീയ പ്രസ്ഥാനങ്ങളിലും ചെന്നുപെടാതിരിക്കാൻ ഏവരും ശ്രദ്ധിക്കേണ്ടതാണ്. ആരാധനക്രമപരമായ കാര്യങ്ങളും സിനഡ് ചിന്തയ്ക്കു വിഷയമാക്കിയിരുന്നു. വിവാഹ സമ്മതത്തിന്റെ (മനസമ്മതം) പുതിയക്രമത്തിന് സിനഡിൽ അംഗീകാരമായി. പെസഹാ വ്യാഴാഴ്ചത്തെ കാൽകഴുകൽ ശുശ്രൂഷ വിശദമായ ചർച്ചകൾക്ക് വിധേയമാക്കിയെങ്കിലും ഇതു സംബന്ധിച്ച് ഇപ്പോഴത്തെ രീതി തുടരണമെന്നും അതേസമയം ലിറ്റർജിക്കൽ കമ്മീഷൻ ഈ വിഷയത്തിലുള്ള പഠനം തുടരേണ്ടതാണെന്നും സിനഡ് നിർദ്ദേശിച്ചു.

വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ കാനൻ നിയമത്തിനു ഒരു ഫാക്കൽറ്റി അനുവദിച്ചിട്ടുള്ള കാര്യം സന്തോഷപൂർവ്വം നിങ്ങളെ

അറിയിക്കുന്നു. സീറോ മലബാർ സഭ മേജർ ആർക്കി എപ്പിസ്കോപ്പൽ സ്ഥാനത്തേയ്ക്ക് ഉയർത്തപ്പെട്ടതിന്റെ രജതജൂബിലി വർഷം കൂടുതൽ ഐക്യത്തിലും കൂട്ടായ്മയിലും മുന്നേറുവാനുള്ള ഒരവസരമാണ്. സഭയുടെ പ്രേഷിതാഭിമുഖ്യത്തിൽ കൂടുതൽ മുന്നേറുവാൻ ഈ ജൂബിലി നമുക്കിടയാകട്ടെ. ജൂബിലി വർഷത്തിൽ കടന്നുവന്ന വഴികൾ മനസ്സിലാക്കുവാനും ആദ്യകാലഘട്ടങ്ങളിൽ സഭയ്ക്ക് സാരഥ്യം നൽകിയ പിതാക്കന്മാരെ അനുസ്മരിക്കുവാനും നമുക്ക് പരിശ്രമിക്കാം. ജൂബിലിയോടനുബന്ധിച്ചു ഒരു അന്തർദേശിയ സിമ്പോസിയം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

യെമനിൽ ഭീകരവാദികൾ തട്ടിക്കൊണ്ടുപോയ ഫാ. ടോം ഉഴുന്നാലിന്റെ കാര്യത്തിൽ സിനഡ് ഉത്ക്കണ്ഠ രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ വിടുതലിനുവേണ്ടി ഒരു ദിവസം എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ ദൈവാലയത്തിൽ പ്രാർത്ഥനായജ്ഞവും ആരാധനയും നടത്തി. ഗവൺമെന്റ് തലത്തിൽ ഇക്കാര്യത്തിൽ സമ്മർദം ചെലുത്തി കാര്യങ്ങൾ ത്വരിതപ്പെടുത്തുവാൻ സിനഡ് തീരുമാനിച്ചു.

ആത്മീയനവീകരണം നിറഞ്ഞ ഒരു നോമ്പാചരണം നേർന്നുകൊണ്ട്,

ഈശോയിൽ സ്നേഹപൂർവ്വം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2017-ാം ആണ്ട് മാർച്ചുമാസം 5-ാം തിയതി നൽകപ്പെട്ടത്.





**P. L. No. 88**

# ഗാർഹിക സഭ: ക്രിസ്തീയ സാക്ഷ്യത്തിനുള്ള വേദി

ആധുനിക കാലഘട്ടത്തിലെ വെല്ലുവിളികളെ നേരിടാൻ വ്യക്തികളും കുടുംബങ്ങളും വിശ്വാസജീവിതത്തെ ദൃഢതരമാക്കുന്ന പ്രവർത്തനങ്ങളിലൂടെയും ക്രിസ്തീയ സംസ്കാര പരിശീലനത്തിലൂടെയും വളരേണ്ടത് ആവശ്യമായിരിക്കുന്നു. സഭയിൽ ഈ മാസം പരിശുദ്ധാത്മാവിന്റെ ആഗമനവും നമ്മൾ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ പ്രവർത്തനവും പരിചിന്തനത്തിന് വിഷയമാക്കുന്നു. സാക്ഷ്യം വഹിച്ചുള്ള ഒരു ജീവിതത്തിന് ആത്മാവ് നമ്മെ ആഹ്വാനം ചെയ്യുന്നു. അതായത് കുടുംബത്തിലും സമൂഹത്തിലും ഈശോയ്ക്ക് സാക്ഷ്യം വഹിക്കാൻ നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നു. അതേപ്പറ്റിയുള്ള ഒരു വിചിന്തനമാണ് ഇന്നത്തെ ഇടയലേഖനം നല്കുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ നാം ഇപ്രകാരം കാണുന്നു: "മിശിഹായുടെ നല്ല സന്ദേശം അധഃപതിച്ച മനുഷ്യന്റെ ജീവിതവും സംസ്കാരവും നിരന്തരം നവീകരിക്കുകയും എപ്പോഴും ഭീതിപ്പെടുത്തുന്ന പാപത്തിന്റെ പ്രലോഭനത്താൽ ഉണ്ടാകുന്ന തെറ്റുകളെയും തിന്മകളെയും എതിർക്കുകയും തുടച്ചുനീക്കുകയും ചെയ്യുന്നു. മനുഷ്യരുടെ ആചാരമര്യാദകളെ അതു നിരന്തരം ശുദ്ധീകരിക്കുകയും ഉത്കൃഷ്ടമാക്കുകയും ചെയ്യുന്നു" (ന. 58, സഭ ആധുനികലോകത്തിൽ). അതായത് തിന്മനിറഞ്ഞ സാഹചര്യങ്ങളിലേയ്ക്ക് സുവിശേഷവെളിച്ചമേകാനും, ലോകത്തെ നവീകരിക്കാനുമുള്ള ദൗത്യം നമ്മുടെ കുടുംബങ്ങളിലൂടെ പൂർത്തിയാക്കണമെന്ന് സഭാമാതാവ് ആഗ്രഹിക്കുന്നു. സഭയ്ക്ക് അമ്മായരുടെ ജീവിതത്തിലൂടെയാണ് പ്രത്യേകമാംവിധം ഭൂമിയുടെ ഉപ്പായിത്തീരാൻ കഴിയുന്നത് എന്ന് കൗൺസിൽ പഠിപ്പിക്കുന്നു. തങ്ങൾ ജീവിക്കുന്ന സ്ഥലങ്ങളിലും

സാഹചര്യങ്ങളിലും സഭയെ സന്നിഹിതമാക്കാനും, യാഥാർത്ഥ്യവത്കരിക്കാനും അത്മായർ പ്രത്യേകമായവിധം വിളിക്കപ്പെട്ടിരിക്കുന്നു (ന. 33, തിരുസഭ). കുടിയേറ്റ കാലഘട്ടത്തിലും തുടർന്നും മുൻതലമുറ കാത്തുസൂക്ഷിച്ച വിശ്വാസപൈതൃകവും, ജീവിതാനുഭവ ങ്ങളിലൂടെ ആർജിച്ചെടുത്ത വിശ്വാസതീക്ഷ്ണതയും ദൈവാശ്രയബോധവും വരുംതലമുറകളിലേക്ക് പകർന്ന് കൊടുക്കുവാൻ അവർ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ''പ്രത്യേക പാരമ്പര്യങ്ങൾ ഏതു ജനപദത്തിന്റെയും പിതൃസ്വത്തിനോട് ചേർത്ത് സുവിശേഷ വെളിച്ചത്തിൽ പ്രകാശിതമാക്കി കത്തോലിക്കാ കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുവാനുള്ളതാണ്'' (ന. 22, പ്രേഷിതപ്രവർത്തനം). ആയതിനാൽ നമ്മുടെ കുടുംബങ്ങളിൽ കൂട്ടായ്മാനുഭവവും പങ്കുവയ്ക്കലും നിലനിർത്താൻ സഹായിക്കുന്നതും വിശ്വാസ വെളിച്ചത്തിൽ പ്രകാശിതമാകേണ്ടതുമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും അവഗണിക്കാതെ അവ പരിപോഷിപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നു.

''രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ ഒരുമിച്ച് കൂടുന്നിടത്ത് അവരുടെ മധ്യേ ഞാനുണ്ടായിരിക്കും'' (മത്താ. 18:20) എന്ന ദിവ്യനാഥന്റെ അനുഗ്രഹീത വചനം ഓരോ കുടുംബത്തേയും പ്രാർത്ഥനാനുഭവത്തിൽ വളരാൻ ക്ഷണിക്കുന്നു. ഈശോ പ്രാർത്ഥനയുടെ മനുഷ്യനായാണ് സുവിശേഷങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്. യഹൂദ കുടുംബങ്ങളിൽ മാതാക്കൾ കുഞ്ഞുങ്ങളെ ഉറക്കാൻ നേരം ചെവിയിൽ മന്ത്രിച്ചു നല്കുന്ന പ്രാർത്ഥന ''പിതാവെ അങ്ങയുടെ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ സമർപ്പിക്കുന്നു'' (സങ്കീ. 31:5) എന്നതാണ്. ഈ സങ്കീർത്തനഭാഗം ഈശോ കുരിശിലെ മരണസമയത്തും ആവർത്തിച്ചു (ലൂക്കാ 23:46). തിരുക്കുടുംബത്തിൽ വിശുദ്ധ യൗസേപ്പും മറിയവും നല്കിയ പ്രാർത്ഥനമാതൃകയും, മതാചാരാനുഷ്ഠാനങ്ങളും ഈശോയെ പ്രാർത്ഥനയുടെ മനുഷ്യനാക്കി. ഓരോ ദിവസവും പ്രഭാതത്തിലും, സന്ധ്യയിലും കുടുംബാംഗങ്ങളെല്ലാവരും ഒരുമിച്ച് പ്രാർത്ഥിക്കുന്നത് അഭികാമ്യവും അനുഗ്രഹീതവുമാണ്. മാത്രമല്ല, കുടുംബപ്രാർത്ഥന മിശിഹായ്ക്ക് സാക്ഷ്യം



വഹിക്കുന്ന ഒരവസരവുമാണ്. ക്രിസ്തീയ കുടുംബങ്ങളിൽ സന്ധ്യയ്ക്ക് പ്രാർത്ഥനയുടെ സ്വരം കേൾക്കുന്നത് മറ്റുള്ളവർക്ക് ദൈവത്തെ ഓർക്കാനുള്ള ഒരു മാർഗ്ഗം കൂടിയാണ്. ഏറ്റവും നല്ലതും, ഉണർവോടും ഉന്മേഷത്തോടുംകൂടി പങ്കെടുക്കുവാൻ അനുയോജ്യമായ സമയം കുടുംബപ്രാർത്ഥനക്കുവേണ്ടി മാറ്റിവയ്ക്കണം. എല്ലാ ജോലികളും കഴിഞ്ഞ്, കുട്ടികളുടെ പഠനവും മറ്റാവശ്യങ്ങളും പൂർത്തിയാക്കി, ക്ഷീണത്തോടെയും അശ്രദ്ധമായും നിർവ്വഹിക്കുന്ന കർമ്മമാക്കി കുടുംബപ്രാർത്ഥനയെ മാറ്റുന്നവർ കായേന്റെ ബലി പോലെയാണ് അവ സമർപ്പിക്കുന്നത്. ദൈവം നല്കുന്ന ഓരോ ദിവസത്തിന്റെയും ഏറ്റവും വിശിഷ്ടമായ ഭാഗം കുടുംബപ്രാർത്ഥനയ്ക്ക് മാറ്റി വയ്ക്കാൻ ഓരോ കുടുംബവും ശ്രദ്ധിക്കണം. വിശ്വാസത്തിന്റെ ഭാഷയിലൂടെ ദൈവാശ്രയബോധം ആഴപ്പെടുത്തുവാനും, ദൈവപരിപാലനാനുഭവങ്ങൾക്ക് നന്ദിപറയാനും പ്രാർത്ഥനസമയം ഉപയോഗിക്കുന്ന കുടുംബങ്ങൾ തലമുറകൾക്ക് ദൈവാനുഭവവേദി പകരുന്നു. ദൈവവചന വായനയും, ജപമാലയിലൂടെയുള്ള രക്ഷാരഹസ്യങ്ങളുടെ ധ്യാനവും, മരിച്ച വിശ്വാസികൾക്കുവേണ്ടിയുള്ള പ്രാർത്ഥനയും, സങ്കീർത്തന ഗാനാലാപനവും എല്ലാ കുടുംബങ്ങളിലും പ്രതിദിനം ഉണ്ടാകണം. കുടുംബപ്രാർത്ഥനയ്ക്ക് ഒടുവിൽ കുടുംബാംഗങ്ങൾ പരസ്പരം സ്തുതിചൊല്ലി ഈശോമിശിഹായുടെ സാന്നിദ്ധ്യം ഏറ്റുപറയുന്നത് ഏറെ വിശിഷ്ടവും അഭികാമ്യവുമാണ്. കുഞ്ഞുങ്ങൾ മാതാപിതാക്കൾക്ക് സ്തുതി ചൊല്ലി പ്രാർത്ഥന അവസാനിപ്പിക്കുന്നത് അവരോട് ആദരവും ബഹുമാനവും ഉണ്ടാകാൻ ഇടയാക്കും.

ദൈവാലയത്തിന്റെയോ, കുരിശടികളുടെയോ മുമ്പിലൂടെ യാത്ര ചെയ്യുമ്പോൾ ദൈസാന്നിദ്ധ്യസ്മരണയാചരിക്കുന്ന പാരമ്പര്യം ഇന്ന് കൈമോശം വരുന്നു. നെറ്റിയിൽ കുരിശ് വരച്ചും, ശിരസ്സ് നമിച്ചും കുരിശിനോട് ബഹുമാനം പ്രകടിപ്പിക്കാനും സ്വയം വിശുദ്ധീകരിക്കാനുമുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുവാൻ കുട്ടികളെ പരിശീലിപ്പിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. ''ഇത്

നിങ്ങളുടെ സന്തതികളും എക്കാലവും ഒരു കൽപ്പനയായി ആചരിക്കണം. ഇതിന്റെ അർത്ഥമെന്താണെന്ന് നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ പറയണം'' (പുറ. 12:24-26) എന്ന പഴയനിയമ പ്രബോധനം നമുക്കോർക്കാം. കുരിശുവരച്ച് പ്രാർത്ഥിക്കുന്ന ഓരോ നിമിഷവും, സർവ്വേശ്വരന്റെ ഏകത്വവും ത്രിത്വവും സ്വശരീരത്തിലൂടെ ആലേഖനം ചെയ്ത് പ്രഘോഷിക്കുകയാണ്. ശിരസ്സ് മുതൽ ഹൃദയം വരെ വരക്കുന്ന ലംബമായ നേർരേഖ ഏകദൈവത്തേയും, തിരശ്ചീനമായ മൂന്ന് വരകൾ- നെറ്റിയിലും, അധരത്തിലും, ഹൃദയഭാഗത്തും- പരിശുദ്ധ ത്രിത്വത്തേയും സൂചിപ്പിക്കുന്നതും ചിന്തകളെയും, സംസാരത്തെയും, പ്രവർത്തിയെയും വിശുദ്ധീകരിക്കുന്നതുമാണ്. മാത്രമല്ല കുരിശ് വരക്കുന്നതും ഈശോയ്ക്ക് സാക്ഷ്യം വഹിക്കുന്ന അവസരമാണ്. ഒരുമിച്ച് പ്രാർത്ഥിക്കുന്ന കുടുംബം ഒരുമിച്ച് നിലനിൽക്കുമെന്ന വി. ചാവറയച്ചന്റെ സൂക്തങ്ങളും നമുക്ക് വെളിച്ചമാകട്ടെ.

നിർമ്മലമായ ഭാഷയും സംസാരരീതിയും പരിശീലിക്കുന്ന മക്കൾ കുടുംബത്തിന്റെ കുലീനത്വവും മഹത്വവും വെളിവാക്കുന്നതുപോലെ, വസ്ത്രധാരണവും ഓരോരുത്തരുടെയും മഹത്വം വെളിവാക്കുന്നതാകണം. ദൈവഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരും, ശിരസ്സായ ക്രിസ്തുവിന്റെ മൗതിക ശരീരത്തിലെ അവയവങ്ങളും, പരിശുദ്ധാത്മാവിന്റെ ആലയങ്ങളും എന്ന നിലയിൽ വിശുദ്ധിയോടെ ജീവിക്കാൻ സഹായിക്കുന്നതാകണം വസ്ത്രധാരണം. മക്കളുടെ വസ്ത്രധാരണാവശ്യങ്ങൾ പരിഹരിക്കാൻ ധനം ചെലവഴിക്കുന്നവരെന്നനിലയിൽ, തങ്ങളുടെ മക്കളെ പ്രദർശനപരതയിൽനിന്നും, ആധുനിക ഭ്രമങ്ങളിൽനിന്നും നിയന്ത്രിക്കുന്നതിനും, സഭ്യവും സത്പ്രേരണക്കിടയാക്കുന്നതുമായവ മാത്രം നല്കുന്നതിനും കടപ്പെട്ടവരും ഉത്തരവാദിത്വമുള്ളവരുമാണ് മാതാപിതാക്കൾ. ദൈവാലയത്തിലോ, വിശുദ്ധഗ്രന്ഥ വായനക്കായി വചനവേദിയിലോ, പെൺകുട്ടികൾ വരുമ്പോൾ മുട്ടിന് താഴെ ഇറക്കമുള്ള വസ്ത്രം ധരിക്കേണ്ടതാണ്. ക്രൈസ്തവ സ്ത്രീകൾ ദൈവാലയത്തിൽ പോകാനും, തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനും പ്രത്യേകം വസ്ത്രങ്ങൾ കരു



തിയിരുന്ന നല്ല പതിവ് നിലനിർത്തേണ്ടതാണ്. ''വിശുദ്ധ വസ്ത്രങ്ങളണിഞ്ഞ് അവിടുത്തെ ആരാധിക്കുവിൻ'' എന്നാണ് സങ്കീർത്തകൻ ആഹ്വാനം ചെയ്യുന്നത് (സങ്കീ. 96:9). മുതിർന്നവരോടും, സഭയുടെയും സമൂഹത്തിന്റെയും ശുശ്രൂഷമേഖലയിലുള്ളവരോടും, അധികാരികളോടും വിധേയത്വവും ആദരവും പ്രകടമാക്കുന്ന രീതിയിൽ പെരുമാറാൻ കുട്ടികളെ പരിശീലിപ്പിക്കണം. കുലീനമായ സംസാരരീതിയും ഭാഷാശൈലിയും സ്വായത്തമാക്കുവാൻ മക്കൾക്ക് സാധിക്കുന്ന രീതിയിൽ കുടുംബത്തിലെ സംസാരം മാന്യവും ശ്രേഷ്ഠവുമാക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കണം.

ഗർഭാവസ്ഥയുടെ ആരംഭകാലം മുതൽ കുഞ്ഞുങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുക എന്നത് ഏറെ പ്രധാനപ്പെട്ടതായി നമ്മുടെ പൂർവ്വികർ മനസ്സിലാക്കിയിരുന്നതിനാൽ ഗർഭിണികൾ ആശീർവാദം സ്വീകരിക്കാനും, പ്രാർത്ഥനകൾ യാചിക്കുവാനുമായി ദൈവാലയത്തിലും, വൈദികരുടെ പക്കലും വരികയും അനുഗ്രഹീതരാവുകയും ചെയ്തിരുന്നു. ഗർഭാവസ്ഥയിൽ ദൈവവചന വായനയും, ഉണ്ണീശോയോടുള്ള ഭക്തിയും ഏറെ പ്രോത്സാഹിപ്പിക്കണം. ശിശുക്കളുടെ മാമ്മോദീസ 8-ാം ദിവസം നടത്തുന്ന പതിവ് നിലനിർത്തണം. അതിന് പകരം ആഘോഷങ്ങൾക്കുവേണ്ടി മാമ്മോദീസ ആഴ്ചകളും, മാസങ്ങളും, വർഷങ്ങളുംവരെ നീട്ടിവയ്ക്കുന്നത് ക്രിസ്തീയ പാരമ്പര്യത്തിനിണങ്ങുന്നതല്ല. ക്രിസ്തീയ ചൈതന്യമോ, സ്വാധീനമോ ഇല്ലാത്ത അർത്ഥരഹിതമായ പേരുകളാണ് പലപ്പോഴും കുട്ടികൾക്ക് നല്കുന്നത്. ഒരു വ്യക്തിയുടെ നാമം ഏറെ പ്രധാനപ്പെട്ടതാണ്. പരമ്പരാഗതവും, ക്രൈസ്തവ വിശ്വാസവും മാതൃകയും പ്രഘോഷിക്കുന്നതുമായ പേരുകൾ ഉപയോഗിക്കുന്നതിനും അതിലഭിമാനിക്കുന്നതിനും ഓരോ കുടുംബവും ശ്രദ്ധിക്കണം. ക്രിസ്തീയ നാമത്തിൽ അറിയപ്പെടുന്നത് ക്രിസ്തുവിന് സാക്ഷ്യം വഹിക്കലാണ്. ക്രൈസ്തവ നാമത്തിലുള്ള ഓമനപ്പേരുകളാണ് കുഞ്ഞുങ്ങൾക്ക് ഇടേണ്ടത്. നമുക്ക് മാതൃകയും മദ്ധ്യസ്ഥരുമായ വിശുദ്ധർ ഓർമ്മിക്കപ്പെടുന്നത് അവരുടെ പേരുകൾ തലമുറകളിലേക്ക് കൈമാറുന്ന

തിലൂടെയാണ്. നിങ്ങൾ മറ്റുള്ളവർക്ക് അനുരൂപരാകരുത്. മറ്റുള്ളവരിൽ നിന്നും വ്യത്യസ്തരായിരിക്കണം എന്ന് തിരുവചനം നമ്മെ പഠിപ്പിക്കുന്നു. (റോമ 12:2)

തങ്ങൾ സ്വീകരിക്കാൻ പോകുന്ന ജീവിതാവസ്ഥക്കനുസരിച്ച്, ആത്മശരീര വിശുദ്ധിയോടെ സമർപ്പണം നടത്തുവാൻ മക്കളെ പരിശീലിപ്പിക്കാനും, മാതൃകയാകാനും മാതാപിതാക്കൾ ശ്രദ്ധിക്കണം. പൗരോഹിത്യ സന്യാസ വിവാഹ ദൈവവിളികൾ വിവേചിച്ചറിഞ്ഞ് മക്കളെ വ്യത്യസ്തങ്ങളായ ജീവിതാവസ്ഥകൾ ആശ്ലേഷിക്കുന്നതിന് പ്രോത്സാഹിപ്പിക്കേണ്ടതിനു പകരം, ഭൗതിക നേട്ടങ്ങൾക്കും, സമ്പത്തിനും, പഠനത്തിനും, ജോലിക്കും മാത്രമായിട്ട് ശ്രദ്ധിക്കുന്ന കുടുംബങ്ങൾ ദൈവരാജ്യത്തെ പടുത്തുയർത്താനുള്ള, കൂട്ടായ്മയുടെ ശുശ്രൂഷയ്ക്കായുള്ള ദൈവവിളികൾ നഷ്ടപ്പെടുത്തുന്നു. കുടുംബങ്ങളിൽ വൈദികരേയും, സന്യസ്തരേയും കുട്ടികളുടെ സാന്നിദ്ധ്യത്തിൽ വിമർശിക്കുന്നത് ദൈവവിളിയെ നിരുത്സാഹപ്പെടുത്തുമെന്ന് എല്ലാവരും അറിഞ്ഞിരിക്കണം. കുറ്റം പറയുന്നതിനു പകരം അവർക്ക് വേണ്ടി പ്രാർത്ഥിക്കുന്ന ക്രിസ്തീയ കുടുംബങ്ങളാണ് ഉണ്ടാവേണ്ടത്. ഹൃദയവിശുദ്ധിയും ശരീരവിശുദ്ധിയും നഷ്ടപ്പെട്ട് വിവാഹത്തിനണയേണ്ടിവരുന്ന ദുരന്തം ഇന്ന് വ്യാപകമാകുന്നതിന്റെ കാരണം വിശ്വാസത്തിന്റെ അപചയമാണെന്നതിൽ തർക്കമില്ല. അതിനാൽ ഓരോ കുടുംബവും തങ്ങളുടെ മക്കൾ ഉത്തമമായ ജീവിതാവസ്ഥകളിലെത്തിച്ചേരാൻ പ്രാർത്ഥിക്കണം. കുട്ടികളുടെ ഇടയിലുള്ള മൊബൈൽ ഉപയോഗവും, ഫേസ്ബുക്ക്, വാട്സാപ്പ് എന്നിവയുടെ ഉപയോഗവും മാതാപിതാക്കൾ നിയന്ത്രിക്കണം. വളരെ അധികം കുട്ടികൾ മൊബൈലിലൂടെ വഴിതെറ്റുന്നുണ്ട്.

''സഹോദരർ ഒരുമിച്ച് വസിക്കുന്നത് എത്ര വിശിഷ്ടവും ആനന്ദകരവുമാണ്... അവിടെയാണ് ദൈവം തന്റെ അനുഗ്രഹവും അനന്തമായ ജീവനും പ്രദാനം ചെയ്യുന്നത്'' (സങ്കീ. 133). ഇന്ന് കൂട്ടുകുടുംബങ്ങളും പങ്കുവയ്ക്കലും അപ്രത്യക്ഷമാകുന്നതും അസഹിഷ്ണുതയും അക്രമവും വർദ്ധിക്കുന്നതും നമ്മുടെ കുടുംബബന്ധ



ങ്ങളുടെ അപചയത്തിന്റെ അടയാളമാണ്. സഹോദരങ്ങൾക്കിടയിൽ വിവേചനവും, മാത്സര്യവും, ശത്രുതയും വിതയ്ക്കാതെ എല്ലാ മക്കളെയും ഒരേ കൂട്ടായ്മയിൽ നിലനിർത്താൻ മാതാപിതാക്കൾ കടപ്പെട്ടവരാണ്. നമ്മുടെ ഇടവകകളിലെ കുടുംബക്കൂട്ടായ്മകളും, പ്രാർത്ഥനയോഗങ്ങളും അതിലുള്ള ബൈബിൾ പഠനവും ആദിമസഭയുടെ സാക്ഷ്യപ്പെടുത്തലാണ്. എല്ലാ ഇടവകാംഗങ്ങളും അതിൽ പങ്കുചേരണം. നല്ല ഓർമ്മകൾ സമ്മാനിക്കാതെ കടന്നുപോകുന്നതിനാൽ പൂർവ്വികർ പലപ്പോഴും പെട്ടന്നുതന്നെ വിസ്മൃതിയിലാകുന്നു എന്ന ദുരന്തവും ഇന്ന് കണ്ടുതുടങ്ങിയിരിക്കുന്നു. പൂർവ്വികരിലൂടെ നല്കപ്പെട്ട നന്മകൾ ഏറ്റുപറയാനും, അവരുമായുള്ള ബന്ധം പുതുക്കാനും കുടുംബങ്ങൾ കെട്ടുറപ്പോടും സാഹോദര്യത്തോടും കൂടി നില്ക്കാനും, ചരമവാർഷികാചരണങ്ങളും ഓർമ്മകളും പ്രധാനപ്പെട്ടതാകണം. പൂർവ്വികരുടെ മരണ ദിവസങ്ങൾ മറക്കാതെ അന്നേദിവസം പ്രത്യേകമായി അവർക്കുവേണ്ടി പ്രാർത്ഥനയും, പരിത്യാഗ പ്രവൃത്തികളും, ദാനധർമ്മങ്ങളുമനുഷ്ഠിക്കാനും ഓരോ കുടുംബവും ശ്രദ്ധിക്കുന്നത് കുടുംബബന്ധങ്ങൾ ആഴപ്പെടാൻ ഇടയാക്കുന്നു.

വിശ്വാസത്തിനും ക്രിസ്തീയ മൂല്യങ്ങൾക്കും ജീവശ്വാസത്തേക്കാൾ വില നല്കിയവരും, രാഷ്ട്രത്തിനും സമുദായത്തിനും വേണ്ടി ആത്മാർപ്പണം നടത്തിയവരുമായ മുൻതലമുറയുടെ സ്മരണ ഇന്നും മാതൃകയാവുകയും പിൻചെല്ലുകയും വേണം. വിശ്വാസത്തിനും സന്മാർഗ്ഗത്തിനും മുൻഗണന നല്കി ജീവിക്കേണ്ടി വരുമ്പോൾ നേരിടേണ്ടി വരുന്ന ഏത് വെല്ലുവിളിയിലും പതറാതെ സഭയോടൊത്തും, സഭയിലും വളരാൻ ഓരോ കുടുംബത്തിനും കഴിയണം. ''പൊതുകാര്യങ്ങളിൽ പ്രവീണരും തത്തുല്യമാംവിധം ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചവരുമായ കത്തോലിക്കർ പൊതു ഉദ്യോഗങ്ങൾ വഹിക്കാൻ മടിക്കരുത്. കാരണം അവ മാന്യമായി വഹിച്ചുകൊണ്ട് പൊതുനന്മ സുരക്ഷിതമാക്കാനും, അതേസമയം സുവിശേഷത്തിന്റെ വഴി വിസ്തൃതമാക്കാനും,

അവിടങ്ങളിൽ ക്രിസ്തുവിന് സാക്ഷികളാകാനും അതുപകരിക്കും'' (ന. 14, അത്മായ പ്രേഷിതത്വം). കുടുംബത്തിലൂടെ സഭയുടെയും സമൂഹത്തിന്റെയും ഉന്നതമായ ശുശ്രൂഷക്കുവേണ്ടി നല്ല ഫലങ്ങളെ സമർപ്പിക്കുന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യവും ഏറെ നിർണ്ണായകവുമാണ്. അതിനാൽ, ക്രിസ്തീയ സംസ്കാരവും, പാരമ്പര്യങ്ങളും നിലനിർത്താനും, പരിപോഷിപ്പിക്കാനും, ഫലദായകമാക്കാനും ഓരോ കുടുംബവും നിർണ്ണായകമായ ദൗത്യമേറ്റെടുക്കണം. ഇന്ന് രാഷ്ട്രീയ മേഖലയിൽ നല്ല നേതാക്കളുണ്ടാകേണ്ടത് ആവശ്യമാണ്. നമ്മുടെ മക്കളെ നേതൃത്വവാസനയിൽ വളർത്തി സമൂഹത്തിൽ ഉന്നതസ്ഥാനത്ത് എത്തിച്ചേരാൻ പ്രാപ്തരാക്കണം. പഠനത്തിന് കഴിവും മികവുമുള്ളവരെ പ്രോത്സാഹിപ്പിക്കുകയും, രാജ്യത്തിന്റെ ഭരണം നിയന്ത്രിക്കുന്ന സിവിൽ സർവ്വീസ്, പബ്ലിക് സർവ്വീസ് തുടങ്ങിയ മേഖലകളിലേക്ക് അയക്കുകയും ചെയ്യുന്നതു വഴി ക്രൈസ്തവ സമൂഹത്തിന് ഭരണതലത്തിലും അധികാര തലത്തിലും ക്രിസ്തുവിന് സാക്ഷ്യം വഹിക്കാനാവും. മേൽപ്പറഞ്ഞ കാര്യങ്ങളിൽ എല്ലാവരുടെയും ശ്രദ്ധ ക്ഷണിച്ചുകൊണ്ടും, ജാഗ്രതയോടെ പ്രവൃത്തിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടും മിശിഹായിൽ നിങ്ങളുടെ സ്നേഹപിതാവ്.

**+ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ഇടുക്കി രൂപതാ മെത്രാൻ

(ഏപ്രിൽ 23-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം വി. കുർബാനമധ്യേ വായിക്കേണ്ടതാണ്.)





**C. 11.** **സർക്കുലർ**

# ദാനധർമ്മം വിശുദ്ധീകരണ മാർഗ്ഗം

മിശിഹായിൽ പ്രിയ സഹോദരങ്ങളേ,

യാഥാർത്ഥമായ ക്രൈസ്തവ ജീവിതത്തിന്റെ തനിമയിലേക്ക് മടങ്ങുവാൻ നമ്മെ സഹായിക്കുന്ന സമയമാണ് നോമ്പുകാലം. ആദിമ ക്രൈസ്തവ സമൂഹം ഇക്കാര്യത്തിൽ നമുക്ക് മാതൃകയും ദിശാബോധവും നല്കുന്നു. അവർ പശ്ചാത്തപിക്കുകയും വചനത്തിന്റെ അടിസ്ഥാനത്തിൽ ജീവിതത്തെ നവീകരിക്കുവാൻ തയ്യാറാകുകയും ചെയ്തിരുന്നു. വിശ്വസിച്ചവർ എല്ലാവരും ഒറ്റ സമൂഹം ആകുകയും തങ്ങൾക്കുള്ളത് പൊതുവായി കരുതുകയും ആവശ്യാനുസരണം മറ്റുള്ളവർക്ക് പങ്കുവയ്ക്കുകയും ചെയ്തിരുന്നു. (നടപടി 2:44-47) ഉദാരത, കരുതൽ, മനസ്സലിവ് ഇവ ക്രൈസ്തവരുടെ മുഖമുദ്രയാകണമെന്ന് ഇവരുടെ ജിവിതം പഠിപ്പിക്കുന്നുണ്ട്. എല്ലാവരെപ്പറ്റിയും കരുതൽ ഉള്ളവരും ആവശ്യക്കാരുടെ നേരെ കരങ്ങൾ നീട്ടുന്നവരും, ദുരിതം അനുഭവിക്കുന്നവരോട് കരുണ കാട്ടുന്നവരുമായ ഒരു സമൂഹമായി നാം വളർന്ന് വരണം.

''പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽ തന്നെ നിർജ്ജീവമാണ്'' എന്ന യാക്കോബ് ശ്ലീഹായുടെ വാക്കുകൾ എന്നും നമ്മെ ഉത്തേജിപ്പിക്കണം. വചനം കേൾക്കുക മാത്രം ചെയ്യുന്ന ആത്മവഞ്ചകരാകാതെ അത് അനുവർത്തിക്കുന്നവരാകണം. അന്യവ്യക്തി ഒരു ഭാരമൊ, ശല്യമൊ അല്ല, മറിച്ച് ഒരു ദാനമാണ് എന്ന സന്ദേശം ധനവാന്റെയും ലാസറിന്റെയും ഉപമ പഠിപ്പിക്കുന്നു. ഇതെല്ലാം പ്രയോഗിക തലത്തിൽ കാണിച്ചുതന്നവരാണ് ആദിമ സമൂഹം.

ദുരിതം അനുഭവിക്കുന്നവരിൽ ഈശോയുടെ മുഖം ദർശിച്ച് സഹായിക്കുന്നവർക്കാണ് നിത്യസമ്മാനം ലഭിക്കുന്നത്. ഈ ചെറിയവരിൽ ഒരുവന് ഇത് നിങ്ങൾ ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്ത് തന്നത് എന്ന് നന്മ ചെയ്തവരോട് അവിടുന്ന് പറയുന്നു (മത്താ. 25:31-40).

പണം നന്മ ചെയ്യുന്നതിനും മറ്റുള്ളവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നതിനും നമ്മെ സഹായിക്കുന്ന ഉപകരണമാണെന്ന് ഫ്രാൻസീസ് മാർപ്പാപ്പ നോമ്പുകാല സന്ദേശത്തിൽ ഉദ്ബോധിപ്പിക്കുന്നു. ഉപവാസം, പ്രാർത്ഥന എന്നിവയോടൊപ്പം ദാനധർമ്മവും ഒരു വിശുദ്ധീകരണമാർഗ്ഗമാണെന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

നോമ്പുകാലത്ത് വിവിധ പരിത്യാഗപ്രവൃത്തികൾ ചെയ്യുന്നതോടൊപ്പം ഉദാരമായി ദാനധർമ്മം ചെയ്യുന്നതും ഏറെക്കാലമായി ആഗോള സഭയിൽ നിലനില്ക്കുന്ന ഒരു പാരമ്പര്യമാണ്. ഇങ്ങനെ ഇടവക തലത്തിൽ സമാഹരിക്കുന്ന പണം ജീവകാരുണ്യ പ്രസ്ഥാനങ്ങൾ വഴി വിവിധ രാജ്യങ്ങളിലെ ഞെരുക്കം അനുഭവിക്കുന്ന ജനങ്ങളുടെ ഉന്നമനത്തിനായി അയച്ചുകൊടുത്തിരുന്നു. അങ്ങനെ നമ്മുടെ നാട്ടിലും കഴിഞ്ഞ കാലങ്ങളിൽ വിദേശ രാജ്യങ്ങളിൽനിന്നും ദാരിദ്രമകറ്റുന്നതിനായി ധാരാളം പണം ലഭിച്ചിട്ടുണ്ട്. ഭാരത കത്തോലിക്ക സഭ ''പട്ടിണിക്കും ദാരിദ്രത്തിനുമെതിരെ'' എന്ന മുദ്രാവാക്യം ഉയർത്തി എല്ലാ വർഷവും നോമ്പുകാലത്ത് വിശ്വാസികളോട് സമ്പത്ത് പങ്കുവയ്ക്കുവാൻ ആഹ്വാനം ചെയ്യുന്നുണ്ട്.

നമ്മുടെ രൂപതയിൽ അവശത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായി നിരവധി പദ്ധതികൾ ഓരോ വർഷവും രൂപതാ സാമൂഹ്യ ക്ഷേമ വിഭാഗമായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി വഴി ചെയ്തുവരുന്നുണ്ട്. സമഗ്ര കൃഷി വികസനം, പ്രകൃതി വിഭവ പരിപോഷണം, വരുമാന വർദ്ധനവ്, ആദിവാസി ക്ഷേമം, സ്ത്രീ ശാക്തീകരണം തുടങ്ങിയ വിവിധ ക്ഷേമ പദ്ധതികളോടൊപ്പം നിരവധി കാരുണ്യ പ്രവൃത്തികളും ചെയ്തുവരുന്നു. എല്ലാ വർഷവും നോമ്പുകാലത്ത് പള്ളികൾ, സന്യാസ ഭവനങ്ങൾ, സ്ഥാപനങ്ങൾ എന്നിവയിൽനിന്നും നോമ്പുകാലപിരിവ് എന്ന പേരിൽ സമാഹരിക്കുന്ന പണമാണ് ഈ പ്രവർത്തനങ്ങൾക്കുള്ള ഒരു പ്രധാന സ്രോതസ്.

കഴിഞ്ഞ നോമ്പുകാലത്ത് 74 പള്ളികളിൽനിന്നും 320000 രൂപയും, സന്യാസഭവനങ്ങളിൽനിന്ന് 99400 രൂപയും 4



സ്ഥാപനങ്ങളിൽ നിന്ന് 9000 രൂപയും ക്യാൻസർ ചികിത്സയ്ക്കായി 37000 രൂപയും ലഭിച്ചിരുന്നു. ഇതിൽ 29 ക്യാൻസർ രോഗികൾക്ക് ഉൾപ്പെടെ 210750 രൂപ ചികിത്സാ സഹായമായും 82500 രൂപ മറ്റ് സഹായങ്ങളായും നൽകി. കാരിത്താസ് ഇൻഡ്യയുടെ ദുരന്ത ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി 40000 രൂപ നൽകി. 12 സ്കൂളുകളിലായി 4000 കുട്ടികൾക്ക് ക്യാൻസറിനെതിരെ ബോധവൽക്കരണം നടത്തിയിരുന്നു.

രോഗം, പ്രായാധിക്യം ഇവ മൂലം കിടപ്പിലായ രോഗികൾക്ക് ഇടവക തലത്തിൽ സാന്ത്വന ശുശ്രൂഷ നല്കുന്നതിനായി ''ഗുഡ് സമരിറ്റൻ പെയിൻ & പാലിയേറ്റീവ് കെയർ, ഇടുക്കി'' എന്ന പേരിൽ ഒരു സാന്ത്വന ശുശ്രൂഷാ സംവിധാനം ഒരുക്കി. 34 ഇടവകകളിലായി 561 വോളണ്ടിയേഴ്സിന് പരിശീലനം നൽകി. അവർ 1281 കിടപ്പ് രോഗികളെ സന്ദർശിച്ച് ശുശ്രൂഷ നൽകി വരുന്നു.

മിഷൻ ലീഗുമായി സഹകരിച്ച് 'ഈശോക്ക് ഒരു വീട്' എന്ന പേരിൽ ഈ വർഷം നടപ്പിലാക്കുന്നതിനായി ഒരു ഭവന നിർമ്മാണ പദ്ധതിക്ക് ആരംഭം കുറിച്ചു. ഇതിനാവശ്യമായ ഫണ്ട് ശേഖരിക്കുന്നതിനായി 94 ഇടവകകളിലായി 24698 വീടുകളിൽ കളക്ഷൻ ടിൻ എത്തിച്ചു. മെയ്, ജൂൺ മാസങ്ങളിലായി ഇത് തിരിച്ചെടുക്കണമെന്ന് പ്രതീക്ഷിക്കുന്നു.

സേവ് എ ഫാമിലി പദ്ധതിയുടെ ഭാഗമായി ഈ വർഷം 160 കുടുംബങ്ങൾ 2622250 രൂപ വിവിധ വരുമാന പദ്ധതികൾക്കായി പ്രയോജനപ്പെടുത്തി. ഈ പദ്ധതിയിലൂടെ പുതിയ കുടുംബങ്ങളെ സഹായിക്കുവാൻ വിദേശ സ്പോൺസർമാർ ഇല്ലാത്തതിനാൽ ''ഈശോയുടെ വീടിന് ഒരു കൈത്താങ്ങ്'' എന്ന പേരിൽ നമ്മുടെ ഇടയിൽനിന്നും സ്പോൺസർമാരെ കണ്ടെത്തി നിർദ്ധന കുടുംബങ്ങളെ സഹായിക്കുന്നതിനായി ഒരു പദ്ധതി ആരംഭിച്ചു. ഇതിൽ 50 കുടുംബങ്ങളെ സ്പോൺസർമാർ വഴി സഹായിക്കുന്നു.

''ലില്ലിയാനെ ഫോൺസ്'' എന്ന സംഘടന വഴി ഭിന്നശേഷിയുള്ള 79 കുട്ടികൾക്ക് 421000 രൂപ വിവിധ ആവശ്യങ്ങൾക്കായി സ്കോളർഷിപ്പ് നൽകി. ഭിന്നശേഷിയുള്ളവരുടെ 15 സ്വാശ്രയ

സംഘങ്ങൾ രൂപീകരിച്ച് 340000 രൂപ വരുമാന വർധന പദ്ധതികൾക്കായി ലോൺ നൽകി. മറയൂർ കൂടയ്ക്കാട്ടുകുടി ആദിവാസി കോളനിയിൽ സൊസൈറ്റിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന ഗിരിജ്യോതി സ്കൂളിൽ 58 ആദിവാസി കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കുന്നുണ്ട്. "ലൈറ്റ് ഇൻ ലൈഫ്" എന്ന വിദേശ മലയാളി അസോസിയേഷന്റെ സഹായത്തോടെ ഇടമലക്കുടി ആദിവാസി പഞ്ചായത്തിൽ 250 കുടുംബങ്ങൾക്ക് വൈദ്യുതീകരണത്തിനായി 5 ലക്ഷം രൂപ ചിലവഴിച്ചു.

ഈ വർഷവും നമുക്ക് ഒരുമിച്ച് ദുരിതമനുഭവിക്കുന്നവർക്ക് വിവിധ സഹായങ്ങൾ എത്തിക്കാം. അതിനായി നിങ്ങളുടെ ഉദാരമായ സംഭാവനകൾ അഭ്യർത്ഥിക്കുകയാണ്. ദൈവത്തിന്റെ കരുണ അനുഭവിക്കുന്നവരും അത് പങ്കുവയ്ക്കുന്നവരുമായി ജീവിക്കുവാൻ ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ. ഈശോയുടെ നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

എന്ന്

**+ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ**
ഇടുക്കി രൂപതാ മെത്രാൻ

NB : ഈ സർക്കുലർ ഏപ്രിൽ 2-ാം തിയതി ഞായറാഴ്ച വായിച്ച് വിശദീകരിക്കുകയും ഓശാന ഞായറാഴ്ച ഈ നിയോഗത്തിനായി സ്തോത്രക്കാഴ്ച എടുത്ത് ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയിൽ ഏല്പിക്കുകയും ചെയ്യണം.





# രൂപതക്കച്ചേരി

## C. 19/17 നാമഹേതുകത്തിരുനാൾ ആശംസകൾ

ഏപ്രിൽ 24-ാം തീയതി നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന കോതമംഗലം രൂപതയുടെ ദ്വിതീയ മെത്രാൻ അഭിവന്ദ്യ മാർ ജോർജ്ജ് പുന്നക്കോട്ടിൽ പിതാവിനും ഇപ്പോഴത്തെ ഇടയനായ മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവിനും ഇടുക്കി രൂപതാ കുടുംബത്തിന്റെ തിരുനാൾ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവ്വം നേരുന്നു.

*Bishop*

## C. 20/17 വൈദികർക്കായുള്ള സ്റ്റഡി ഫോറം

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2017 ഏപ്രിൽ 4, 5 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

| | |
|---|---|
| അടിമാലി | : ഏപ്രിൽ 4 (ചൊവ്വ) |
| വെള്ളയാംകുടി | : ഏപ്രിൽ 5 (ബുധൻ) |
| സമയം | : 10.00 am - 4.00 pm |

*Bishop*

## C. 21/17 വി. മൂറോൻ

പെസഹാ വ്യാഴാഴ്ച അഭിവന്ദ്യ പിതാവ് കൂദാശ ചെയ്ത വി. മൂറോൻ എത്രയും വേഗം പള്ളികളിലേക്ക് കൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കുമല്ലോ. മാമ്മോദീസായ്ക്കുള്ള തൈലവും ജലവും വെഞ്ചരിക്കുന്നതിനും തൈലാഭിഷേകത്തിനും പുതുതായി കൂദാശ ചെയ്ത വി. മൂറോനാണ് ഉപയോഗിക്കേണ്ടത്.

*Proto-syncellus*

## C. 22/17 കുർബാന ധർമ്മം പുതുക്കി നിശ്ചയിച്ചു

കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ തീരുമാനപ്രകാരം 2017 ഏപ്രിൽ മാസം 1-ാം തിയതി മുതൽ സാധാരണ കുർബാനയുടെ ധർമ്മം 100 രൂപയാക്കി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. മറ്റ് തിരുക്കർമ്മ ധർമ്മങ്ങൾ പഴയതുപോലെ തുടരുന്നതാണ്. പഴയ കുർബാന നിയോഗങ്ങൾ (Rs. 75) കൈവശമുള്ളവർ ഏപ്രിൽ മാസം 15-ാം തിയതിക്കുമുമ്പായി അവ രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടതാണ്.

*Bishop*

## C. 23/17 തിരുനാൾ ആശംസകൾ

| | |
|---|---|
| റവ. ഫാ. ജോർജ്ജ് ചക്കാങ്കൽ | ഏപ്രിൽ 24 |
| റവ. ഫാ. ജോർജ്ജ് കൊച്ചുപുരയ്ക്കൽ | " |
| റവ. ഫാ. ജോർജ്ജ് കൊല്ലംപറമ്പിൽ | " |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ | " |
| റവ. ഫാ. ജോർജ്ജ് പാട്ടത്തെക്കുഴി | " |
| റവ. ഫാ. ജോർജ്ജ് തകടിയേൽ | " |
| റവ. ഫാ. ജോർജ്ജ് തുമ്പനിരപ്പേൽ | " |
| റവ. ഫാ. ജോർജ്ജ് നിരവത്ത് | " |
| റവ. ഫാ. ജോർജ്ജ് വലിയവീട്ടിൽ | " |
| റവ. ഫാ. ജോർജ്ജ് കരിവേലിക്കൽ | " |
| റവ. ഫാ. ജോർജ്ജ് ഇടവഴിക്കൽ | " |
| റവ. ഫാ. ജോർജ്ജ് കരിന്തേൽ | " |
| റവ. ഫാ. ജോർജ്ജ് മുല്ലൂർ | " |
| റവ. ഫാ. ജോർജ്ജ് നല്ലൂക്കുന്നേൽ | " |
| റവ. ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ (ജൂണിയർ) | " |
| റവ. ഫാ. ജോർജ്ജ് പെരുമാലിൽ | " |
| റവ. ഫാ. ജോർജ്ജ് കൈതോലിൽ | " |
| റവ. ഫാ. ജോർജ്ജ് കൊച്ചിത്തറ | " |
| റവ. ഫാ. മർക്കോസ് ചിറ്റേമാരിയിൽ | ഏപ്രിൽ 25 |

*Bishop*



## Curia Collections received for the year 2014 -2015

D. Fund - Diocesan Fund
M. Semi. Fund - Major Seminary Fund
H.C. - Holy Childhood
B.S. - Bible Sunday
P.P. - Peter's Pence
M.S. - Mission Sunday
V.F. - Vocation Fund
CMF - Communication Media Fund
JS - Justice Sunday
G.F. - Good Friday
MEC - Major Episcopal Curia Fund
SMMS - Syro-Malabar Mission Sunday
YD - Youth Day
TM - Temperance Movement
JF - Jesus Fraternity

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | Adimali | 45000 | 25000 | 200 | 300 | 300 | 1300 | 250 | 200 | 200 | 300 | 500 | 1300 | 200 | 2250 | 200 |
| 2 | Alpara | - | - | 300 | 200 | 200 | 200 | 200 | 200 | - | - | 400 | 200 | 200 | - | - |
| 3 | Alpho. Nagar | | 5000 | 100 | 100 | 100 | 100 | 100 | 100 | 100 | 3455 | 1370 | 100 | 100 | 100 | 100 |
| 4 | Anachal | 5000 | 5000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 5 | Anakulam | 3000 | 10000 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 600 | 150 | 500 | 650 | 150 |
| 6 | Ayiramekkar | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 7 | Bethel | 10000 | 25000 | 100 | 200 | 100 | 200 | 100 | 100 | 100 | 200 | 200 | 100 | - | 1000 | 100 |
| 8 | Bhoomiamkulam | 3000 | 5000 | 300 | 300 | 300 | 500 | 300 | 300 | 300 | 500 | 500 | 500 | 500 | 300 | 300 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 9 | Bisonvalley | 5000 | 5000 | 100 | 200 | 100 | 1000 | 100 | 100 | 100 | 200 | 300 | 100 | 100 | 100 | 100 |
| 10 | Calvarymount | 10000 | 25000 | 100 | 100 | 200 | 200 | 100 | 100 | 100 | 200 | 500 | 100 | 100 | 600 | 100 |
| 11 | Chelliampara | 8000 | 12000 | 100 | 100 | 200 | 500 | 100 | 100 | 100 | 500 | 500 | 100 | 100 | 500 | 100 |
| 12 | Chembalam | 5000 | 5000 | 150 | 100 | 100 | 200 | 100 | 100 | 150 | 300 | 560 | 200 | 250 | - | 100 |
| 13 | Chemmannar | - | - | 100 | 200 | 200 | 200 | 100 | 100 | 100 | 200 | 400 | 100 | 100 | 1600 | 100 |
| 14 | Chempakappara | 5000 | 5000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 3000 | 200 | 200 | 1500 | 200 |
| 15 | Chinnarnirappu | 10000 | 2000 | 100 | 100 | 250 | 5000 | 100 | 500 | 250 | 100 | 900 | 100 | 100 | 100 | 100 |
| 16 | Churuly | 5000 | 25000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 1500 | 3250 | 250 | 250 | 250 |
| 17 | Eattithope | 13500 | 25000 | 250 | 250 | 250 | 1500 | 250 | 250 | 250 | 1000 | 1200 | 2500 | - | 1000 | 250 |
| 18 | Ellackal | 10000 | 25000 | 400 | 400 | 500 | 500 | 400 | 400 | 400 | 500 | 1000 | 5000 | 400 | 500 | 400 |
| 19 | Erattayar | 50000 | 25000 | 500 | 2000 | 2000 | 3000 | 1000 | 500 | 500 | 2000 | 3000 | 2000 | 1000 | 1000 | 500 |
| 20 | Ezhukumvayal | 35000 | 25000 | 1000 | 1000 | 3500 | 4000 | 1000 | 750 | 1000 | 2500 | 4000 | 3000 | 1500 | 1000 | 2000 |
| 21 | Georgiar | - | 3000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 22 | Idukki | 10000 | 10000 | 100 | 100 | 200 | 100 | 100 | 100 | 100 | 500 | 750 | 100 | 100 | 100 | 100 |
| 23 | Irumbupalam | 5000 | 5000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 600 | 200 | 200 | 200 | 200 |
| 24 | Josegiri | 10000 | 10000 | 150 | 150 | 150 | 250 | 150 | 150 | 150 | - | 1500 | 250 | 150 | 150 | 150 |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 25 | Josepuram | 5000 | 5000 | 250 | 250 | 500 | 1000 | 200 | 300 | 500 | 1500 | 1500 | 500 | 750 | 1250 | 500 |
| 26 | Kailasam | 5000 | 15000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1400 | 100 | 100 | 600 | 100 |
| 27 | Kallar | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 100 | 100 | - |
| 28 | Kallarkutty | - | - | | | | | | | | | | | | | |
| 29 | Kallupalam | - | 10000 | 200 | 200 | 200 | 200 | 200 | 200 | 200 | 3254 | 200 | 200 | 200 | 1000 | 200 |
| 30 | Kanakakunnu | 15000 | 20000 | 100 | 100 | 100 | 2000 | 100 | 100 | 100 | 100 | 1500 | 100 | 500 | 1500 | 100 |
| 31 | Kanchiyar | - | - | 100 | 100 | 100 | 250 | 100 | 100 | 100 | 250 | 350 | 100 | 200 | 100 | 100 |
| 32 | Kamakshy | 5000 | 5000 | 100 | 100 | 200 | 5000 | 100 | 100 | 100 | 100 | 100 | 100 | 100 | 1000 | - |
| 33 | Kanjikuzhy | - | 20000 | 150 | 200 | 500 | 2000 | 150 | 200 | 200 | 300 | 500 | 300 | - | 200 | 150 |
| 34 | Kanthippara | 10000 | 25000 | 250 | 250 | 250 | 1500 | 250 | 250 | 250 | 1000 | 2000 | 250 | 500 | 250 | 250 |
| 35 | Karickumtholam | 2000 | - | 100 | 100 | 100 | 800 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 36 | Karimpan | 10000 | 25000 | 200 | 200 | 500 | 500 | 200 | 300 | 300 | 1000 | 1000 | 300 | 1000 | 200 | 200 |
| 37 | Karithode | - | - | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 500 | 100 | 100 | 100 | - |
| 38 | Kattakala | - | - | 500 | 500 | 500 | 3800 | 500 | 500 | 500 | 500 | 3301 | 500 | 500 | 500 | - |
| 39 | Keerithode | 3600 | 15000 | 200 | 200 | 200 | 300 | 100 | 100 | 100 | 200 | 1700 | 200 | 200 | 200 | 100 |
| 40 | Kiliyarkandam | 10000 | 10000 | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 1250 | 100 | 500 | 100 | 100 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 41 | Kombayar | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 600 | 100 |
| 42 | Koombanpara | 15000 | 25000 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 1000 | - |
| 43 | Korandakad | 1000 | 1000 | 100 | 100 | 200 | 200 | 100 | 100 | 100 | 200 | 500 | 100 | 100 | 100 | 100 |
| 44 | Kozhimala | 2000 | 3000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 500 | 250 | 250 | 250 | 250 |
| 45 | Kunchithanni | 22700 | 25000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 2500 | 250 | 250 | 250 | 250 |
| 46 | Kurisupara | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 475 | 100 | 100 | 100 | 100 |
| 47 | Kuthirakallu | 7000 | 12000 | | | | | | | | | | | | | |
| 48 | Kuthupara | 3000 | 4000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 |
| 49 | Lower Kulamavu | 3100 | 12000 | - | - | - | 2000 | - | - | - | - | - | - | - | 1500 | - |
| 50 | Lower periyar | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 100 | 100 |
| 51 | Machiplavu | 8000 | 12000 | 250 | 300 | 350 | 300 | 250 | 250 | 200 | 300 | 1200 | 300 | 750 | 1000 | 250 |
| 52 | Mailadumpara | 10000 | 10000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 500 | 200 | 100 | 1000 | 100 |
| 53 | Maniyarankudy | 14330 | - | 200 | 200 | 500 | 200 | 200 | 200 | 200 | 500 | 700 | 200 | 500 | 200 | 200 |
| 54 | Manjappara | - | - | 100 | 100 | 200 | 100 | 100 | 100 | 100 | 1700 | 500 | 100 | 100 | - | 100 |
| 55 | Manjappetty | - | 4000 | 150 | 100 | 100 | 200 | 100 | 100 | 150 | 300 | 795 | 200 | 250 | 500 | 100 |
| 56 | Mankulam | 10000 | 20000 | 250 | 250 | 250 | 250 | 250 | 250 | 250 | 500 | 500 | 250 | 250 | 1250 | 250 |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 57 | Mankuva | 12000 | 5000 | 150 | 150 | 200 | 1250 | 150 | 150 | 150 | 1000 | 2600 | 11000 | 200 | 500 | 150 |
| 58 | Mariapuram | 10000 | 10000 | 500 | 500 | 1500 | 4500 | 500 | 500 | 500 | 1000 | 2100 | 1000 | 1000 | 500 | 500 |
| 59 | Maryland | - | 12000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 500 | 100 | 100 | 250 | 100 |
| 60 | Mavady | 10000 | 25000 | 200 | 200 | 200 | 250 | 200 | 100 | 200 | 500 | 1000 | 250 | 500 | 500 | 200 |
| 61 | Mukkudam | 5000 | 5000 | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 500 | 250 | 250 | 200 | 300 |
| 62 | Mulakaramedu | 10000 | 25000 | - | 500 | 500 | 2000 | - | 500 | 1000 | - | 1500 | 10000 | 500 | - | 500 |
| 63 | Mulakuvally | - | - | - | 100 | 500 | 500 | 100 | 100 | 100 | 500 | 1000 | 100 | 100 | 100 | 100 |
| 64 | Murickassery | 45500 | 25000 | - | - | 5000 | - | - | - | - | - | 4000 | 5000 | - | 6000 | - |
| 65 | Murickumthotty | 15000 | 15000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 2150 | 200 | 200 | 200 | 200 |
| 66 | Muttukad | 18000 | 10000 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 200 | 150 | 150 | 150 | 150 |
| 67 | Nanguthotty | - | - | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 500 | 150 |
| 68 | Narakakanam | 10000 | 10000 | 100 | 100 | 500 | 500 | 100 | 100 | 100 | 500 | 400 | 100 | 100 | 100 | 100 |
| 69 | Nazarethvalley | 10000 | 20000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 500 | 200 | 200 | 700 | 200 |
| 70 | Nedumkandam | 62000 | 25000 | 1000 | 1000 | 6000 | 7500 | 1000 | 1000 | 1000 | 1000 | 4500 | 1750 | - | 2000 | 1000 |
| 71 | Neelivayal | 3000 | 5000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 770 | 100 | 300 | 100 | 100 |
| 72 | Nellippara | 11950 | - | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 500 | 250 | 250 | 250 | 250 |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 73 | Pachady | 7000 | 10000 | 150 | 150 | 150 | 200 | 200 | 150 | 150 | 200 | 250 | 150 | 150 | 150 | 150 |
| 74 | Painavu | 3000 | - | 150 | 200 | 200 | 250 | 100 | 100 | 100 | 100 | 250 | 250 | 100 | 100 | 100 |
| 75 | Palar | 2500 | 2500 | 100 | 100 | 100 | 150 | 100 | 100 | 100 | 200 | 500 | 100 | 100 | 600 | 100 |
| 76 | Panamkutty | - | - | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 1200 | 200 |
| 77 | Pandippara | 10000 | 15000 | 200 | 200 | 200 | 500 | 200 | 200 | 200 | 500 | 2000 | 200 | 200 | 500 | 200 |
| 78 | Panickankudy | 10000 | 25000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 2000 | 200 | 1000 | 1250 | 250 |
| 79 | Panniyarkutty | - | - | 100 | 100 | 200 | 100 | 100 | 100 | 100 | 11000 | 500 | 100 | 100 | 100 | 100 |
| 80 | Parathode | 10000 | 25000 | 200 | 200 | 200 | 500 | 200 | 200 | 200 | 200 | 1500 | 200 | 200 | 200 | 200 |
| 81 | Pazhayarikandam | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1500 | 100 | 100 | 100 | 100 |
| 82 | Perinchamkutty | 10000 | 15000 | 150 | 150 | 150 | 250 | 150 | 150 | 150 | 150 | 1250 | 150 | 1000 | 1150 | 150 |
| 83 | Pezhumkandam | 5000 | 5000 | 100 | 100 | 200 | 250 | 100 | 100 | 100 | 100 | 500 | 150 | 100 | 100 | 100 |
| 84 | Ponmudy | 30000 | 25000 | 200 | 200 | 200 | 300 | 200 | 200 | 200 | 300 | 1500 | 200 | 200 | 1200 | 200 |
| 85 | Pottenkadu | 10000 | 10000 | 500 | 750 | 750 | 750 | 1000 | 500 | 500 | 1000 | 1500 | 750 | 1000 | 3000 | 500 |
| 86 | Rajakkadu | 30000 | 25000 | 100 | 200 | 200 | 500 | 100 | 100 | 100 | 200 | 500 | 100 | 100 | 600 | 100 |
| 87 | Rajakumary | 40550 | 25000 | 100 | 100 | 200 | 8275 | 100 | 100 | 100 | 20000 | 1700 | 200 | 100 | 3000 | 100 |
| 88 | Rajamudy | 5000 | 5000 | 500 | 500 | 500 | 1000 | 501 | 500 | 500 | 500 | 2900 | 500 | 500 | 500 | 500 |



| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 89 | Rajapuram | - | - | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 300 | 100 | 100 | 100 | 100 |
| 90 | Sahayagiri | - | - | 200 | 200 | 200 | 200 | 200 | 200 | 200 | 800 | 1000 | 200 | 200 | 200 | 200 |
| 91 | Santhigram | 10000 | 55000 | 100 | - | - | 200 | - | 100 | - | - | - | 100 | - | 1100 | - |
| 92 | Sleevamala | 10000 | 10000 | 150 | 150 | 150 | 150 | 150 | 150 | 150 | 500 | 2000 | 150 | 150 | 400 | 150 |
| 93 | Snehagiri | - | - | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 1400 | 100 | 200 | 100 | 100 |
| 94 | Thankamany | 20000 | 20000 | 250 | 200 | 250 | 1150 | 200 | 200 | 200 | 2000 | 4000 | 200 | - | 1500 | 200 |
| 95 | Thannikandam | - | 13000 | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 750 | 100 | 500 | 100 | 100 |
| 96 | Thokkupara | 25700 | 25000 | 200 | 200 | 4000 | 1000 | 500 | 200 | 2000 | 500 | 10000 | 500 | 500 | 200 | 200 |
| 97 | Thookupalam | 2500 | 2500 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 300 | 100 | 100 | 100 | 100 |
| 98 | Thopramkudy | 10000 | 25000 | 200 | 200 | 200 | 500 | 200 | 100 | 200 | 500 | 1000 | 500 | 200 | 200 | - |
| 99 | Thovarayar | 22500 | 25000 | 100 | 200 | 200 | 13000 | 100 | 100 | 100 | 300 | 1000 | 100 | 100 | 100 | 100 |
| 100 | Udhayagiri | 10000 | 25000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 1000 | 250 | 250 | 250 | 250 |
| 101 | Upputhode | 10000 | 25000 | 1000 | 1000 | 1500 | 2500 | 1650 | 1000 | 500 | - | 5980 | 200 | 1500 | 500 | 500 |
| 102 | Vattappara | 5000 | 6000 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 800 | 100 |
| 103 | Vazhathope | 40000 | 50000 | 1000 | 600 | 1200 | 3000 | 1000 | 1100 | 800 | 1200 | 4900 | 500 | 1000 | 500 | 500 |
| 104 | Vathikudy | - | - | | | | | | | | | | | | | |

| Sl. No. | Name of Parish | D.Fund | M. Semi. Fund | H.C. | B.S. | P.P. | M.S. | V.F. | CMF | JS | G.F | MEC | SMMS | YD | TM | JF |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 105 | Vazhavara | 20000 | 20000 | 500 | 1500 | 1500 | 2000 | 500 | 250 | 500 | 2500 | 3000 | 500 | 1000 | 1000 | 250 |
| 106 | Vellathooval | 10000 | 10000 | 100 | 100 | 200 | 100 | 100 | 100 | 100 | 2010 | 500 | 1500 | 100 | 100 | 100 |
| 107 | Vellayamkudy | - | 25000 | 750 | 500 | 2500 | 5000 | 500 | 500 | 500 | 3500 | 1500 | 1500 | 2000 | 3000 | 500 |
| 108 | Venmany | 15000 | 25000 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 500 | 200 | 300 | 200 | 200 |
| 109 | Vimalagiri | 12000 | 20000 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 1000 | 250 | 250 | 250 | 250 |
| 110 | SH Provincial H. | - | 50000 | | | | | | | | | | | | | |
| 111 | Mr. George K | - | 10000 | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |
| | | | | | | | | | | | | | | | | |





## CJ. 28/17 SMCC VII-ാം ക്ലാസ് പ്രതിഭാ സംഗമം

നമ്മുടെ മക്കളുടെ ആദ്ധ്യാത്മിക, സാമൂഹിക ജീവിതത്തിന്റെ കാഴ്ച്ചപ്പാടുകൾ ഏറെ അർത്ഥമുള്ളതും ക്രീയാത്മകവും ആക്കുവാൻ ഈ വർഷവും VII-ാംക്ലാസിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും 2017 മെയ് മാസത്തിൽ മൗണ്ട് സെന്റ് തോമസിൽ വച്ചു നടക്കുന്ന പ്രതിഭാ സംഗമത്തിൽ പങ്കുചേരാൻ അവസരമുണ്ടായിരിക്കും. സ്കോളർഷിപ്പു പരീക്ഷയുടെ മാർക്ക് ആണ് തെരഞ്ഞെടുപ്പിൽ പ്രധാന മാനദണ്ഡമായി പരിഗണിക്കുന്നത്.

## CJ. 29/17 വാർഷിക റിഷോർട്ട്

സുവിശേഷോത്സവ് ക്ലാസുകൾ കഴിഞ്ഞ് ഏപ്രിൽ 17 ന് മുമ്പായി വാർഷിക റിപ്പോർട്ട് തയ്യാറാക്കി ക്രിസ്തുജ്യോതി ഓഫീസിൽ നിർബന്ധമായും എത്തിക്കേണ്ടതാണ്. അതിനുശേഷം വരുന്ന റിപ്പോർട്ടുകൾ പരിഗണിക്കുന്നതല്ല.

## CJ. 30/17 വാർഷിക പരീക്ഷ, സ്കോളർഷിപ് പരീക്ഷ

വാർഷിക പരീക്ഷ ഏപ്രിൽ 8 നും സ്കോളർഷിപ്പ് പരീക്ഷ ഏപ്രിൽ 10 നും ആണ് നടക്കുക (കൂടുതൽ വിവരങ്ങൾ ആവശ്യമെങ്കിൽ മാർച്ച് ലക്കം സഹ്യനാദം നോക്കുക). നിർദ്ദിഷ്ട പരീക്ഷകൾ നിശ്ചിത ദിവസങ്ങളിലും കൃത്യസമയത്തും, കുറ്റമറ്റരീതിയിൽ നടത്തുവാനുള്ള പൂർണ്ണ ഉത്തരവാദിത്വം ഹെഡ്മാസ്റ്റർ വിശ്വസ്തതയോടെ നിറവേറ്റണം.

## CJ. 31/17

C.B.S.C. പരീക്ഷമൂലം സുവിശേഷോത്സവത്തിൽ പങ്കെടുക്കാനോ, അവരെ ഉൾപ്പെടുത്തി സുവിശേഷോത്സവം നടത്താനോ സാധിക്കുന്നില്ല എങ്കിൽ അവർക്കു സുവിശേഷോത്സവത്തിന്റെ

വർക്കു ബുക്ക് നല്കി അത് പൂരിപ്പിച്ച് നല്കാൻ ആവശ്യപ്പെടാം. അദ്ധ്യാപകരുടെ നിർദ്ദേശവും സഹപാഠികളുടെ സഹകരണവും തേടി പൂരിപ്പിച്ചു നൽകിയ പുസ്തകം അദ്ധ്യാപകർ വിലയിരുത്തണം. 5 പേരിൽ കൂടുതൽ ഉണ്ടെങ്കിൽ അവരെ ഒരുമിച്ചുകൂട്ടി സെന്റ് തോമസ് വിഭാഗത്തിലെ ഒരു അദ്ധ്യാപകന്റെ നേതൃത്വത്തിൽ വേണം വർക്ക് ബുക്ക് പൂരിപ്പിക്കാൻ ഇതിനും സാധിക്കാത്തവരെ 3 ദിവസമെങ്കിലുമുള്ള താമസിച്ചുള്ള ധ്യാനത്തിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെടണം. ഈ കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ചെയ്യാത്തവർക്ക് രൂപതാ സർട്ടിഫിക്കറ്റിന് യോഗ്യത ഉണ്ടായിരിക്കുന്നതല്ല.

## CORPORATE EDUCATIONAL AGENCY

### Edn.16/17 അദ്ധ്യാപക നിയമനം

നമ്മുടെ സ്കൂളുകളിൽ യു.പി. വിഭാഗം ഹിന്ദി അദ്ധ്യാപകരായി നിയമിക്കാൻ യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു. 30-04-2017 ന് മുമ്പ് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

ഹയർ സെക്കണ്ടറി സ്കൂളുകളിൽ കമ്പ്യൂട്ടർ (ദീർഘകാല അവധി ഒഴിവ്) ഇക്കണോമിക്സ് (1 by promotion, 1 open quota) ഇംഗ്ലീഷ് (by promotion) ഹിന്ദി എന്നീ ഒഴിവുകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നു. താല്പര്യമുള്ളവർ നിശ്ചിത അപേക്ഷ ഫോറത്തിൽ 15-05-2017 ന് മുമ്പ് അപേക്ഷകൾ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

### Edn.17/17 സ്കോളർഷിപ്പുകൾ - അവാർഡുകൾ

ഈ അദ്ധ്യായന വർഷം സ്കൂളുകളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി തിരഞ്ഞെടുത്ത മികച്ച സ്കൂളുകളുടേയും വിവിധ മത്സരങ്ങളിൽ വിജയികളായ സ്കൂളുകളുടേയും മറ്റു നേട്ടങ്ങൾ നേടിയവരുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.



## *BEST SCHOOL – 2016 -17*

### Higher Secondary School

I - St. George's HSS, Vazhathope
II - St. Xavier's HSS, Chemmannar
III - St. Thomas' HSS, Erattayar

### High School – (Category – I)

I - St. Thomas' HSS, Erattayar
II - St. George's HS, Parathode
III - St. Xavier's HSS, Chemmannar

### High School – (Category –II)

I - St. Sebastian's H.S, Kanthippara
II - St. Mary's H.S, Vazhavara
III - St. Mary's H.S.S, Mariyapuram

### U P School (Category - I)

I - St. Sebastian's UPS, Nedumkandam
II - St. George's UPS, Vazhathope
III - St. Jerome's UPS, Kattappana

### U P School (Category –II)

I - St. Joseph's UPS, Narakakkanam
II - St. Jacob's UPS, Bethel
III - St. Mary's UPS, Manippara

### L P School (Category –I)

I - St. Mary's LPS, Murickassery
II - St. Jerome's LPS, Vellayamkudy
III - St. Joseph's LPS, Kallarkutty

### L P School (Category –II)

I - Jaimatha LPS, Ezhukumvayal
II - Vijayamatha LPS, Eattithope
III - St. Peter's LPS, Chempakappara

**_BEST P.T.A – 2016-17_**

I - Holy Queen's UPS, Rajakumary
II - St. Mary's LPS, Murickassery
III - St. Joseph's UPS, Narakakkanam

**Best Scout-Guide Unit**

I - St.Thomas' HS Erattayar
II - St.George's HS Vazhathope

**_SCHOOL MAGAZINE 2016-17_**

**_Higher Secondary School_**

I - St. Thomas' H.S.S, Erattayar
II - St. Jerome's H.S.S, Vellayamkudy
III - St. Mary's H.S.S, Murickassery

**_High School_**

I - St. Thomas' H.S.S, Erattayar
II - St. Mary's H.S.S, Mariyapuram
III - St. George's H.S.S, Vazhathope

**_U.P School_**

I - St. Christuraj U.P.S, Manjappara
II - St. Sebastian's U.P.S, Nedumkandam
III - St. Mary's U.P.S, Udayagiri

**_L.P School_**

I - Christuraj LPS, Poomankandam
II - St. Thomas' H.S.S, Erattayar
III - St. Joseph's UPS, Josgiri

**_FULL ATTENDANCE OF TEACHERS FOR THE YEAR 2016 -17_**

1. Smt. Juby George HSST - St. Xavier's H.S.S Chemmannar
2. Smt. Sherly K Paul HSST - St. Thomas' H.S.S, Thankamany



3. Smt. Besty George HSST - St. Mary's H.S.S, Mankulam
4. Sri. Ajin T Chummar HSST - St. Mary's H.S.S, Mankulam
5. Sr. Ambily James HSST - St. Mary's H.S.S, Mariyapuram
6. Smt. Alpha Maria Jose HSST - St. Mary's H.S.S, Mariyapuram
7. Smt. Jereena Augustine HSA - St. Mary's H.S.S, Mariyapuram
8. Sr. Mary Thomas HSA - St. Thomas' H.S.S, Erattayar
9. Fr. Sinoj Francis HSST - St. Mary's H.S.S, Mankulam
10. Smt. Kochurani Joseph HSA - St. Thomas' H.S.S, Erattayar
11. Sr. Annamma George HSA - St. George's H.S.S, Vazhathope
12. Sri. Roby P Mathew FTM - St. Jerome's H.S.S, Vellayamkudy
13. Smt. Gijamol Abraham HSA - St. Mary's H.S.S, Mankulam
14. Sri. Domy Mathew HSA - St. George's H.S, Parathode
15. Smt. Marykutty P.C HSA - St. Mary's H.S, Vazhavara
16. Smt. Aniamma George UP (Skt) - St. Jacob's UPS, Bethel
17. Smt. Lizy P.V HM - St. Jerome's UPS, Kattappana
18. Smt. Anice M.C LGHP - St. Mary's UPS, Manippara
19. Smt. Sherly Jose UPSA - St. Mary's UPS, Mankulam
20. Smt. Riyamol Mathew LPSA - St. Joseph's UPS, Narakakkanam
21. Smt. Bindu P.J UP (Skt) - St. Joseph's UPS, Narakakkanam
22. Smt. Shaina John LGHP - St. Joseph's UPS, Narakakkanam
23. Sri. Joseph P.A LGHP - St. Joseph's UPS, Pandippara
24. Smt. Minimol A.J LGHP - St. George's UPS, Venmony
25. Sri. Kurian C.J HM - St. Joseph's LPS, Mulakuvally
26. Smt. Lovely Sebastian LPSA - St. Thomas' LPS, Thankamany
27. Smt. Josiamol Jose LPSA - St. Joseph's LPS, Thooval
28. Smt. Bindumol Kurian LPSA - St. Maria Goretti's LPS, Thopramkudy
29. Sr. Claramma Thomas LPSA - St. Jerome's LPS, Vellayamkudy
30. Sr. Siji P.V LPSA - St. Mary's LPS, Murickassery
31. Smt. Bincy Joseph LPSA - St. Mary's LPS, Murickassery

**Edn.18/17 മാർഗ്ഗ ദർശന ക്യാമ്പ്**

ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ Full A+ നേടി വിജയിക്കുന്ന കുട്ടികൾക്ക് തുടർ പഠനത്തിനുള്ള സാദ്ധ്യത

കളും മാർഗ്ഗനിർദ്ദേശങ്ങളും നല്കുന്നതിനായി ഒരു ദ്വിദിന ക്യാമ്പ് പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് മെയ് 5, 6 തീയതികളിൽ നടത്തുന്നതാണ്. വിദഗ്ധർ ക്ലാസ്സുകൾ നയിക്കുന്ന ക്യാമ്പ് 5-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിച്ച് 6-ാം തീയതി 4 pm ന് അവസാനിക്കുന്നതാണ്. നമ്മുടെ സ്കൂളുകളിൽ Full A+ നേടിയ എല്ലാകുട്ടികളേയും ഈ ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ പ്രഥമാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

# സോഷ്യൽ സർവ്വീസ്

## SS 34/17 ഡയറക്ടർ ബോർഡ് മീറ്റിംഗ്

സൊസൈറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗ് 17-02-2017 രാവിലെ ചേലച്ചുവട്ടിൽ വച്ച് നടന്നു. കമ്പനിയുടെ ചെയർമാൻ ശ്രീ. അഗസ്റ്റ്യൻ കൂനംപാറയിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിന് സെക്രട്ടറി ശ്രീ. വിനോദ് സി.ആർ. സ്വാഗതം ആശംസിച്ചു. ഡയറക്ടർ ബോർഡ് അംഗങ്ങളെല്ലാം യോഗത്തിൽ പങ്കെടുത്തു.

## SS 35/17 ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂൾ വാർഷികം

മറയൂർ കൂടയ്ക്കാട്ടുകുടി ആദിവാസി ഗ്രാമത്തിൽ സൊസൈറ്റി നടത്തുന്ന ഗിരിജ്യോതി എൽ.പി. സ്കൂളിന്റെ വാർഷിക ആഘോഷം മാർച്ച് മാസം 4-ാം തീയതി സ്കൂളിൽ വച്ച് നടന്നു. ബഹു. വൈദ്യുത വകുപ്പ് മന്ത്രി ശ്രീ. എം.എം. മണി ഉദ്ഘാടനം ചെയ്ത യോഗത്തിന് ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ചു. സാമൂഹ്യ രാഷ്ട്രീയ രംഗത്തെ നിരവധി പ്രതിനിധികൾ യോഗത്തിൽ പങ്കെടുക്കുകയും ആശംസകൾ നേരുകയും ചെയ്തു. സൊസൈറ്റിയിൽ നിന്നും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കലും സ്റ്റാഫ് അംഗങ്ങളും പരിപാടി



കളിൽ പങ്കുചേർന്നു. ഗിരിജ്യോതി ട്രൈബൽ എൽ.പി. സ്കൂൾ അദ്ധ്യാപകർ പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 36/17 ഹരിതാഭം പദ്ധതി അവലോകനം

ഇടുക്കി ജില്ലാ സർവ്വീസ് സഹകരണ ബാങ്കിന്റെ സഹായത്തോടെ സൊസൈറ്റി നടപ്പിലാക്കുന്ന പുതിയ പദ്ധതിയുടെ പദ്ധതി അവലോകനവും വിലയിരുത്തലും തിരുവനന്തപുരത്ത് നബാർഡിന്റെ സെൻട്രൽ ഓഫീസിൽ വച്ച് നടന്നു. പ്രസ്തുത മീറ്റിംഗിൽ സൊസൈറ്റിയെ പ്രതിനിധീകരിച്ച് പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ എന്നിവർ പങ്കെടുത്തു.

## SS 37/17 ഫാർമേഴ്സ് പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) റിവ്യൂ മീറ്റിംഗ്

മൂന്നാർ ചിന്നക്കനാലിൽ വച്ച് നബാർഡിന്റെ ആഭിമുഖ്യത്തിൽ ഇടുക്കിയിലെ എല്ലാ എഫ്.പി.ഒ. കളെയും ഉൾക്കൊള്ളിച്ച് റിവ്യൂ മീറ്റിംഗ് നടന്നു. നബാർഡിന്റെ ചീഫ് ജനറൽ മാനേജർ ശ്രീ. വി.ആർ. രവീന്ദ്രനാഥ്, ഡി.ഡി.എം. ശ്രീ. അശോക് കുമാർ എന്നിവർ കമ്പനികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തി സംസാരിച്ചു. സൊസൈറ്റിയിൽനിന്നും ഇടുക്കി സ്പൈസസ് പ്രൊഡ്യൂസർ കമ്പനിയെ പ്രതിനിധീകരിച്ച് സി.ഇ.ഒ. ശ്രീ. ഏണസ്റ്റ് ടോം ജോസഫ്, ശ്രീ. വിനോദ് സി.ആർ. എന്നിവരും ഗ്രീൻ ഇടുക്കി പ്രൊഡ്യൂസർ കമ്പനിയെ പ്രതിനിധീകരിച്ച് സി. ബിയ ചാത്തംകോട്ട് (സി.ഇ.ഒ.) ശ്രീ. അനിൽ എം. (ഡയറക്ടർ) എന്നിവരും പങ്കെടുക്കു കയും പ്രവർത്തനങ്ങൾ യോഗത്തിന് മുമ്പിൽ അവതരിപ്പിക്കുകയും ചെയ്തു.

## SS 38/17 ഹരിതനിറവ് പദ്ധതി ഉദ്ഘാടനവും വനിതാ ദിനാചരണവും

2017 മാർച്ച് 8-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് മുരിക്കാശ്ശേരി സെന്റ് മേരീസ് പാരീഷ് ഹാളിൽ വച്ച് നബാർഡിന്റെ സഹായത്തോടെ സൊസൈറ്റി നടപ്പിലാക്കുന്ന ഹരിത നിറവ്

പദ്ധതിയുടെ ഉദ്ഘാടനവും വനിതാ ദിനാചരണവും നടത്തി. സൊസൈറ്റിയുടെ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. നബാർഡ് ചീഫ് ജനറൽ മാനേജർ ഉദ്ഘാടനം ചെയ്ത യോഗത്തിൽ ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ് ശ്രീമതി കുഞ്ഞമ്മ തോമസ് അദ്ധ്യക്ഷത വഹിച്ചു. നബാർഡ് ഡി.ഡി.എം. ശ്രീ. അശോക് കുമാർ നായർ ആമുഖ പ്രസംഗവും വാത്തിക്കുടി പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി.കെ. രാജു മുഖ്യപ്രഭാഷണവും നടത്തി.

**SS 39/17 ദുരിതാശ്വാസനിധി**

സൊസൈറ്റിയിൽനിന്നും ഫെബ്രുവരി മാസം ഭവന നിർമ്മാണത്തിനും ചികിത്സാസഹായവുമായി 18500/- രൂപ നൽകി.

**SS 40/17 സപ്പോർട്ട് ടു ജീസസ് ഫാമിലി പ്രോഗ്രാം (എസ്.ജെ.എഫ്.പി.)**

എസ്.ജെ.എഫ്.പി. പ്രോഗ്രാമിന്റെ ഭാഗമായി നിർദ്ധനരായ 20 കുടുംബങ്ങളെ കൂടി പദ്ധതിയുടെ ഭാഗമാക്കുകയും നിർദ്ദിഷ്ട കുടുംബങ്ങളെ ഉൾപ്പെടുത്തി 20-03-2017 ന് സൊസൈറ്റിയുടെ മരിയാപുരം സെൻട്രൽ ഓഫീസിൽ വച്ച് നടത്തിയ മീറ്റിംഗിൽ ആവശ്യമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു.

**SS 41/17 ജെ.എൽ.ജി. ലോൺ**

സൊസൈറ്റിയിൽനിന്നും കഴിഞ്ഞ മാസം യൂണിയൻ ബാങ്കിന്റെ രാജാക്കാട്, ചെറുതോണി, ഉടുമ്പഞ്ചോല എന്നീ ശാഖകളിൽ നിന്നായി41 ജെ.എൽ.ജി. ഗ്രൂപ്പുകൾക്ക് ലോൺ പുതുക്കി നൽകി.

**SS 42/17 ഇടമലക്കുടിയിൽ വീട് വൈദ്യുതീകരണം**

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി ഇടമലക്കുടി പഞ്ചായത്തിലെ 5 കുടികളിലായി 250 കുടുംബങ്ങളെ വൈദ്യുതീകരിക്കുന്നതിനായി സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 5 ലക്ഷം രൂപ സമാഹരിച്ച്



നൽകി. സ്വിറ്റ്സർലന്റ് കേന്ദ്രമായി പ്രവർത്തിക്കുന്ന ''ലൈറ്റ് ഇൻ ലൈഫ്'' എന്ന മലയാളി അസോസിയേഷനാണ് സാമ്പത്തിക സഹായം നൽകിയത്.

## ചെറുപുഷ്പ മിഷൻലീഗ്

**CML 11/17 ക്രിസ്റ്റീൻ ധ്യാനം**

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ഏപ്രിൽ 24-ാം തീയതി വൈകിട്ട് 5 മണിക്ക് ആരംഭിച്ച് 27-ാം തീയതി ഉച്ചയ്ക്ക് അവസാനിക്കുന്ന വിധത്തിൽ 9 മുതൽ 12 വരെ ക്ലാസുകളിലെ കുട്ടികൾക്കായി ക്രിസ്റ്റീൻ ധ്യാനം പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് നടത്തുന്നു.

5 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികൾക്കായി മെയ്മാസം 3-ാം തീയതി രാവിലെ 10 ന് ആരംഭിച്ച് 5-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന രീതിയിൽ അടിമാലി ആത്മജ്യോതിയിൽ വച്ച് ക്രിസ്റ്റീൻ ധ്യാനം നടത്തുന്നു. രജി. ഫീസ് 500 രൂപ. രണ്ട് ക്രിസ്റ്റീൻ ധ്യാനത്തിനും ശാഖകളിൽ നിന്ന് കുട്ടികളെ പറഞ്ഞു വിടുമല്ലോ.

**CML 12/17 സംസ്ഥാന മാനേജിംഗ് കമ്മറ്റി ഇലക്ഷൻ**

മാർച്ച് 11-ാം തീയതി. മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും ഇലക്ഷനിലും ഇടുക്കി രൂപതയിൽ നിന്ന് 14 പേർ പങ്കെടുത്തു.

**CML 13/17 അഭിനന്ദനങ്ങൾ**

ഇടുക്കി രൂപതയിൽ നിന്ന് സി.എം.എൽ. സംസ്ഥാന സമിതിയലേക്ക് തെരഞ്ഞെടുക്കപ്പെട്ട റവ. ഫാ. മാത്യു അരയത്തിനാൽ സംസ്ഥാന വൈസ് ഡയറക്ടർ, ശ്രീ. ഷിബു മഠത്തിൽ ഹൈറേഞ്ച് റീജിയണൽ ഓർഗനൈസർ, ശ്രീ. ബിനോയി ചെമ്മര

പ്പിള്ളിൽ സംസ്ഥാന ഓഡിറ്റർ എന്നിവർക്ക് ഇടുക്കി രൂപതാ മിഷൻ കുടുംബത്തിന്റെ അഭിനന്ദനങ്ങളും പ്രർത്ഥനാശംസകളും നേരുന്നു.

# കെ.സി.എസ്.എൽ.

## KCSL 11/17 സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പ്

കെ.സി.എസ്.എൽ. സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പും, ലീഡേഴ്സ് തെരഞ്ഞെടുപ്പും 2017 ഏപ്രിൽ 24, 25, 26, 27 തീയതികളിൽ കോതമംഗലം പാസ്റ്ററൽ സെന്ററായ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 600 രൂപ. കെ.സി.എസ്.എൽ. രൂപതാ ലീഡേഴ്സ് ക്യാമ്പിന് പങ്കെടുത്ത കുട്ടികളെ സംസ്ഥാന ക്യാമ്പിൽ പങ്കെടുപ്പിക്കുവാൻ ബഹു. ആനിമേറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 10 കുട്ടികൾക്കു വീതമായിരിക്കും ക്യാമ്പിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുക. ( യൂ.പി. 10, എച്ച്.എസ്. 10, എച്ച്.എസ്.എസ്. 10) താല്പപര്യമുള്ള കുട്ടികളുടെ പേരുവിവരം മാർച്ച് 31 ന് മുമ്പ് രൂപതാ ഓഫീസിൽ അറിയിക്കണം.

## KCSL 12/17 ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റേഴ്സ് അവാർഡ് വിതരണം

ഇടുക്കി രൂപതാ കെ.സി.എസ്.എൽ. ബെസ്റ്റ് സ്കൂൾ, ബെസ്റ്റ് ആനിമേറ്റേഴ്സ് അവാർഡ് വിതരണം രാജമുടി പാരിഷ് ഹാളിൽ മാർച്ച് 18-ാം തീയതി അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, വികാരി ജനറാൾ മോൺ. ജയിംസ് മംഗലശ്ശേരിൽ എന്നിവർ നിർവഹിച്ചു. സമ്മേളനത്തിൽ നിയുക്ത സംസ്ഥാന പ്രസിഡന്റ് ശ്രീ മാത്തുക്കുട്ടി കുത്തനാപള്ളിയെ ആദരിക്കുകയും, സർവ്വീസിൽനിന്ന് വിരമിക്കുന്ന സാറിന് യാത്രാമംഗളങ്ങൾ നേരുകയും ചെയ്തു. വിദ്യാഭ്യാസ സെക്രട്ടറി വെരി. റവ. ഫാ. ജോസ് കരിവേലിക്കൽ, ഡയറക്ടർ റവ. ഫാ. മാത്യു പുതുപ്പറമ്പിൽ എന്നിവർ ആശംസകൾ അറിയിച്ചു.



### ഈ വർഷത്തെ മികച്ച കെ.സി.എസ്.എൽ. ആനിമേറ്റേഴ്സ്

ശ്രീ. ജോയി കെ. ജോസ് (സെന്റ് തോമസ് എച്ച്.എസ്. ഇരട്ടയാർ)
സി. പ്രശാന്തി സി.എം.സി. (വിമല എച്ച്.എസ്. വിമലഗിരി)

### അവാർഡിന് അർഹമായ സ്കൂളുകൾ

**LP വിഭാഗം**

1st ന്യൂമാൻ LPS ഇടുക്കി
2nd സെന്റ് മേരീസ് LPS മുരിക്കാശ്ശേരി
3rd സെന്റ് മേരീസ് LPS മരിയാപുരം

**UP വിഭാഗം**

1st സെന്റ് ജോർജ് UPS വെൺമണി
സെന്റ് സെബാസ്റ്റ്യൻസ് UPS പൊട്ടൻകാട്
2nd സെന്റ് ജോസഫ്സ് UPS ജോസ്ഗിരി
3rd ഹോളിക്യൂൻസ് UPS രാജകുമാരി

**HS വിഭാഗം**

1st സെന്റ് തോമസ് HS ഇരട്ടയാർ
2nd വിജയമാതാ പബ്ലിക്ക് സ്കൂൾ തൂക്കുപാലം
3rd സെന്റ് സെബാസ്റ്റ്യൻസ് HS പൊട്ടൻകാട്

**HSS വിഭാഗം**

1st ഫാത്തിമമാതാ GHSS കൂമ്പൻപാറ
2nd സെന്റ് മേരീസ് HSS മുരിക്കാശ്ശേരി
3rd സെന്റ് ജെറോംസ് HSS വെള്ളയാംകുടി

### മികച്ച സ്കൂളുകൾ റീജിയണൽ തലം

**LP**

ഇരട്ടയാർ മേഖല - സെന്റ് തോമസ് LPS ഇരട്ടയർ
നെടുംകണ്ടം മേഖല - വിജയമാതാ LPS ഈട്ടിത്തോപ്പ്
കൂമ്പൻപാറ മേഖല - സെന്റ് ആന്റണീസ് LPS എല്ലക്കല്ല്

**UP**

മുരിക്കാശ്ശേരി മേഖല - ക്യൂൻമേരി പബ്ളിക്ക് സ്കൂൾ പണിക്കൻകുടി
ഇരട്ടയാർ മേഖല - സെന്റ് തോമസ് UPS ഇരട്ടയാർ

**HS**

മുരിക്കാശ്ശേരി മേഖല - ക്യൂൻമേരി പബ്ളിക്ക് സ്കൂൾ പണിക്കൻകുടി
വാഴത്തോപ്പ് മേഖല - സെന്റ് തോമസ് HS പുന്നയാർ
നെടുംകണ്ടം മേഖല - സെന്റ് സേവ്യേഴ്സ് HSS ചെമ്മണ്ണാർ

**KCSL 13/17 അഭിനന്ദനങ്ങൾ**

കെ.സി.എസ്.എൽ. നിയുക്ത സംസ്ഥാന പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട തങ്കമണി സെന്റ് തോമസ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. മാത്തുക്കുട്ടി കുത്തനാപ്പള്ളിയ്ക്ക് കെ. സി.എസ്.എൽ. രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ........

**KCSL 14/17 സ്നേഹ വീട് നിർമ്മാണം**

ഇരട്ടയാറിൽ നിർമ്മാണം പൂർത്തിയായി വരുന്ന കെ.സി. എസ്.എൽ. സ്നേഹവീട് നിർമ്മാണത്തിൽ സഹകാരികളായ എല്ലാവർക്കും ഹൃദ്യമായ നന്ദി.

**KCSL 15/17 നന്ദി**

കഴിഞ്ഞ പ്രവർത്തന വർഷത്തിൽ സജീവ സാന്നിധ്യമായി സംഘടനയെ വളർത്തിയ എല്ലാവരുടേയും ആത്മാർത്ഥമായ സഹകരണങ്ങൾക്ക് കെ.സി.എസ്.എൽ. രൂപതാ കുടുംബത്തിന്റെ അകൈതമായ നന്ദി. വാർഷിക പരീക്ഷയിലായിരിക്കുന്ന എല്ലാവർക്കും ഉന്നത വിജയം ആശംസിക്കുന്നു. തുടർന്നും സംഘടനയെ സ്നേഹിക്കാൻ, സംഘടനയെ വളർത്താൻ നമുക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്രിസ്തുരാജൻ നമ്മെ അനുഗ്രഹിക്കട്ടെ.





## മദ്യവിരുദ്ധസമിതി

**MVS 5/17 മദ്യവിരുദ്ധ ഞായർ ആചരണം**

മാർച്ച് 12 മദ്യവിരുദ്ധദിനമായി കേരളത്തിലുടനീളം ആചരിക്കുകയും കെസിബിസി മദ്യവിരുദ്ധസമിതിയുടെ ഇടയലേഖനം പള്ളികളിൽ വായിക്കുകയും ചെയ്തു. തൂക്കുപാലം സെന്റ് ആന്റണീസ് ഇടവകയിൽ വിദേശമദ്യഷാപ്പ് തൂക്കുപാലത്തുനിന്നും മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് നടന്ന ഉപരോധസമരത്തിൽ നാട്ടുകാരോടൊപ്പം ഇടവകാംഗങ്ങളും പങ്കുചേർന്നു. മദ്യവിരുദ്ധ ഞായർ പേരുസൂചിപ്പിക്കുന്നതുപോലെ തന്നെ അക്ഷരാർത്ഥത്തിൽ വിദേശമദ്യഷാപ്പ് വിരുദ്ധഉപരോധസമരമായി മാറുകയും ചെയ്തു. നന്മയെ സ്വീകരിക്കുക, തിന്മയെ ചെറുക്കുക എന്ന വചനം പാലിക്കുകയായിരുന്നു പ്രസ്തുത സമരത്തിലൂടെ ചെയ്തത്. എന്നാൽ മദ്യ അനുകൂലികൾ സമരപ്പന്തലിലേക്ക് കടക്കുവാൻ ശ്രമിച്ചത് സംഘർഷത്തിന് കാരണമായി. പോലീസ് ഇടപെട്ടാണ് രംഗം ശാന്തമാക്കിയത്. തുടർന്ന് മദ്യവിരുദ്ധസമിതി നേതാക്കളായ ഫാ.വർഗ്ഗീസ് മുഴുത്തേറ്റ് (സംസ്ഥാന വൈസ് പ്രസിഡണ്ട് മദ്യവിരുദ്ധജനകീയ മുന്നണി), ശ്രീ. സിൽബി ചുനയംമാക്കൽ, ശ്രീ. റോജസ് എം. ജോർജ് തുടങ്ങിയ പത്തൊൻപത് പേരെ പോലീസ് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു. മുൻസർക്കാർ പ്രഖ്യാപിച്ചിരുന്ന സുന്ദരമായ ജനകീയമദ്യനയം (ബാറുകൾ അടച്ചുപൂട്ടിയതും, പത്തുശതമാനം ബിവറേജസ്ശാലകൾ ഓരോ വർഷവും നിർത്തലാക്കുകയും അതുവഴിയായി സമ്പൂർണ്ണ മദ്യനിരോധനത്തിലേക്ക് കേരളത്തെ നയിക്കുകയും ചെയ്യുക) അട്ടിമറിക്കപ്പെട്ടിരിക്കുന്നു. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ മദ്യനയമായിരിക്കും മുഖ്യവിഷയമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പ്രഖ്യപിച്ചിരുന്നതാണ്. എന്നാൽ ചരിത്രപരമായ മറയത്തരം എന്ന് പിന്നീട് വിശേഷിപ്പിക്കാവുന്ന തരത്തിൽ തിരഞ്ഞെടുപ്പ് രംഗം മാറിപ്പോയതിന്റെ ദുരന്തഫലങ്ങൾ നാം ഇപ്പോൾ അനുഭവിക്കുകയാണ്.

ഈ നിർണ്ണായകഘട്ടത്തിൽ കേരളത്തിലുടനീളം അലയടിക്കുന്ന മദ്യത്തിനും സാമൂഹ്യതിന്മകൾക്കും,ധാർമ്മികഅധ:പധനങ്ങൾക്കുമെതിരായ എല്ലാ പോരാട്ടങ്ങൾക്കും ശക്തി പകരുവാൻ നമുക്ക് സർവ്വശക്തനോട് തീഷ്ണമായി പ്രാർത്ഥിക്കാം, അതിനായ് ധീരതയോടെ പടപൊരുതാം.

## ഫാമിലി അപ്പോസ്റ്റലേറ്റ്

**FA 10/17** **വിവാഹ ഒരുക്കധ്യാനം**

ഏപ്രിൽ 10 തിങ്കൾ - 12 ബുധൻ

ഏപ്രിൽ 24 തിങ്കൾ - 26 ബുധൻ

മെയ് 01 തിങ്കൾ - 03 ബുധൻ

മെയ് 22 തിങ്കൾ - 24 ബുധൻ

സ്ഥലം :- ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി

ഫോൺ :- 9496895111

**FA 11/17** **ഏലീശ്വാ ധ്യാനം**

ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കൾക്കായുള്ള ഈ ധ്യാനത്തിൽ വചനബോധ്യങ്ങൾക്കൊപ്പം ഗൈനക്കോളജി, ശിശുരോഗവിദഗ്ധരുടെ ക്ലാസ്സുകൾ, മനഃശാസ്ത്ര ക്ലാസുകൾ, കൗൺസിലിംഗ്, ആന്തരിക സൗഖ്യാരാധന എന്നിവ ക്രമീകരിച്ചിരിക്കുന്നു.

ഏപ്രിൽ 21 വെള്ളി 5 pm മുതൽ 23 ഞായർ 4 pm വരെ.

സ്ഥലം :- ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി

ഫോൺ :- 9496359024



## നവോമി കുടുംബ കേന്ദ്രം

**NFC 5/17** **നവോമി ധ്യാനം**

വിധവകളായ അമ്മമാർക്കുവേണ്ടി മാത്രം ക്രമീകരിച്ചിരിക്കുന്ന ഈ ധ്യാനത്തിൽ കൗൺസിലിംങ്ങ് സൗകര്യവും ഉണ്ടായിരിക്കുന്നതാണ്.

ഏപ്രിൽ 21 വെള്ളി 9.30 am മുതൽ23 ഞായർ 4 pm വരെ

ആത്മജ്യോതി പാസ്റ്ററൽ സെന്റർ, അടിമാലി 9496359024, 9496895111

**NFC 6/17** **നവോമി സംഘടനാ ഭാരവാഹികൾ**

**നമ്മുടെ ഇടവകകളിൽ പുതുതായി രൂപംകൊണ്ട ഭാരവാഹികൾ**

**1. മുരിക്കാശ്ശേരി**

| | |
|---|---|
| ഡയറകടർ | - റവ. ഫാ. ജോസഫ് നരിതൂക്കിൽ |
| പ്രസിഡന്റ് | - റോസ്മി പനച്ചേപ്പിള്ളിൽ |
| സെക്രട്ടറി | - ബീന ബെന്നി കടപ്പൂര് |
| വൈ. പ്രസി. | - ബിൻസി ബർഗ്ഗീസ് കുരിശിങ്കൽ |
| ജോ. സെക്രട്ടറി | - ജാൻസി ജോണി |
| ട്രഷറർ | - ഷീജ ജോണി |

**2. കോഴിമല**

| | |
|---|---|
| ഡയറക്ടർ | - റവ. ഫാ. തോമസ് രാമച്ചനാട്ട് |
| പ്രസിഡന്റ് | - ജിജി എണ്ണശ്ശേരിൽ |
| സെക്രട്ടറി | - ഷൈനി ചിരട്ടവയലിൽ |
| കമ്മറ്റിഅംഗം | - ബിന്ദു കുരമുളംത്തടത്തിൽ |

**3. ചെമ്പകപാറ**

| | |
|---|---|
| ഡയറക്ടർ | - റവ. ഫാ. മാത്യു വളവനാൽ |
| പ്രസിഡന്റ് | - ചിന്നമ്മ ജോസഫ് മാടപ്പിള്ളിൽ |
| സെക്രട്ടറി | - മോളി ജോസഫ് പുന്നമറ്റത്തിൽ |
| കമ്മറ്റി അംഗം | - ഏലിക്കുട്ടി കുന്നുംപുറത്ത് |

**4. നാരകക്കാനം**

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. കുര്യൻ പൊടിപാറയ്ക്കൽ |
| പ്രസിഡന്റ് | - | മേരിക്കുട്ടി സെബാസ്റ്റ്യൻ പാലോലിൽ |
| സെക്രട്ടറി | - | മറിയാമ്മ സെബാസ്റ്റ്യൻ |
| കമ്മറ്റി അംഗം | - | റൈബി കുന്നേൽ |

**5. ശാന്തിഗ്രാം**

| | | |
|---|---|---|
| ഡയറക്ടർ | - | റവ. ഫാ. ജോൺസൺ ചെറുകുന്നേൽ |
| പ്രസിഡന്റ് | - | സാലമ്മ നടുവിലേപറമ്പിൽ |
| സെക്രട്ടറി | - | സൂസമ്മ കൈതോലിൽ |
| കമ്മറ്റിയംഗം | - | മറിയാമ്മ കയ്പ്പേൽ |



## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 11/17 സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന

ഏപ്രിൽ 4-ാം തീയതി ചൊവ്വാഴ്ച 10.00 am മുതൽ 2.00 pm വരെ സോണൽ മദ്ധ്യസ്ഥ പ്രാർത്ഥന കനകക്കുന്ന് പള്ളിയിൽ കൂടുന്നു.

### PG 12/17 സബ്-സോണൽ സർവ്വീസ് ടീം പുനഃസംഘടന

ഇടുക്കി സോണിലെ വാഴത്തോപ്പ്, തോപ്രാംകൂടി, പാറത്തോട്, രാജാക്കാട്, അടിമാലി എന്നീ അഞ്ച് സബ്-സോണുകളുടെ പുനഃസംഘടന ഏപ്രിൽ, മെയ് മാസങ്ങളിൽ നടക്കുന്നതാണ്.

### PG 13/17 അഖില ലോക മലയാളി കൺവൻഷൻ

2017 ആഗസ്റ്റ് 12, 13, 14, 15 തീയതികളിലായി ഇരിങ്ങാലക്കുട ആളൂരിൽവച്ച് കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ജൂബിലിയുടെ ഭാഗമായി അഖിലലോക മലയാളി കൺവൻഷൻ നടത്തപ്പെടുകയാണ്. കേരളത്തിൽനിന്നും വിദേശരാജ്യങ്ങളിൽ നിന്നുമായി 10000 പേർ പങ്കെടുക്കുന്ന കൺവൻഷന്റെ ഒരുക്കങ്ങൾ ആരംഭിച്ചു.



### PG 14/17 പാരീഷ് മിനിസ്ട്രി

പാരീഷ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ഇടുക്കി, കട്ടപ്പന, കോതമംഗലം സോണുകളിലെ പ്രതിനിധികളുടെ ഒരു കൂട്ടായ്മ മാർച്ച് 23 വ്യാഴാഴ്ച 6.00 pm മുതൽ 9.00 വരെ വെൺമണി പള്ളിയിൽ നടന്നു. സബ് റീജിയൻ ആനിമേറ്റർ റവ. ഫാ. ജെയിംസ് കക്കുഴിയും, ഓൾ കേരള കോ-ഓർഡിനേറ്റർ ജേക്കബ് വെള്ളക്കാട്ടും കൺവൻഷന് നേതൃത്വം നൽകി.

### PG 15/17 വാഴത്തോപ്പ് മേഖല ജൂബിലി കൺവൻഷൻ

ഏപ്രിൽ 29-ാം തീയതി ചൊവ്വാഴ്ച 10.00 am മുതൽ 4.00 pm വരെ വാഴത്തോപ്പ് മേഖല കരിസ്മാറ്റിക് ജൂബിലി കൺവൻഷൻ കരിമ്പൻ പള്ളിയിൽ നടക്കുന്നു. പെരിയ ബഹു. വികാരി ജനറാൾ ജെയിംസ് മംഗലശ്ശേരിൽ വി. കുർബാന അർപ്പിച്ച് ആരംഭിക്കുന്ന കൺവൻഷനിൽ ഇടുക്കി തങ്കച്ചൻ വചനം പങ്കുവയ്ക്കുന്നതാണ്. സബ് സോൺ ആനിമേറ്റർ റവ. ഫാ. ടിനോ പാറക്കടവിലും, സബ് സോൺ കോ-ഓർഡിനേറ്റർ ജേക്കബ് വെള്ളക്കാട്ടും കൺവൻഷന് നേതൃത്വം നൽകുന്നതാണ്.

## കേരള ലേബർ മൂവ്മെന്റ്

### KLM 12/17 മെയ് ദിനാചരണം

കെ.എൽ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മെയ് ദിനാചരണം മെയ് ഒന്നിന് രാവിലെ 10.30 ന് മുരിക്കാശ്ശേരി ഗ്യാലക്സി ഓഡിറ്റോറിയത്തിൽ നടക്കും. വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളെ യോഗത്തിൽ ആദരിക്കും. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ മെയ് ദിനാചരണത്തിന്റെ ഉദ്ഘാടനം അഭിവന്ദ്യ രൂപതാ

മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ നിർവ്വഹിക്കും. രൂപതാ പ്രസിഡന്റ് ജോർജ് അമ്പഴം സ്വാഗതമാശംസിക്കും.

**KLM 13/17 മെമ്പർഷിപ്പ് മാസാചരണം**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ മെമ്പർഷിപ്പ് മാസാചരണം മെയ് 1 മുതൽ 30 വരെ നടക്കും. ഒരു ഇടവകയിൽ കുറഞ്ഞത് 25 പേരെങ്കിലും 20 രൂപാ ഫീസ് അടച്ച് ഒരു യൂണിറ്റ് രൂപികരിക്കുവാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ശ്രമം നടത്തുവാൻ താല്പര്യപ്പെടുന്നു.

**KLM 14/17 മെമ്പർഷിപ്പ് മാസാചരണം**

കേരളാ ലേബർ മൂവ്മെന്റ് ഇടുക്കി രൂപതാ ഭാരവാഹികളുടെയും വിവിധ തൊഴിലാളി ഫോറങ്ങളുടെ നേതാക്കന്മാരുടെയും നേതൃത്വയോഗം മെയ് ഒന്നിന് 12 മണിക്ക് മുരിക്കാശ്ശേരിയിൽ നടക്കും. രൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പാപ്പാടി അദ്ധ്യക്ഷത വഹിക്കും. സംസ്ഥാന പ്രസിഡന്റ് സെബാസ്റ്റ്യൻ പാലംപറമ്പിൽ ഉദ്ഘാടനം ചെയ്യും.

**KLM 15/17 ക്ഷേമനിധി പുതുക്കൽ**

നിർമ്മാണ തൊഴിലാളികളായിട്ടുള്ളവരുടെ ക്ഷേമനിധികൾ ഇനിയും പുതുക്കുവാനുള്ളവർ ആവശ്യമുള്ള രേഖകൾ സഹിതം എത്രയും പെട്ടെന്ന് രൂപതാ ഓഫീസിൽ എത്തേണ്ടതാണ്. വിശദ വിവരങ്ങൾക്ക്: 9495125585.





# ആത്മജ്യോതിയിലെ പരിപാടികൾ

**ഏപ്രിൽ 2017**

| | |
|---|---|
| 01 - 02 : | തിയോളജി കോഴ്സ് |
| 04 : | വൈദികർക്ക് സ്റ്റഡി ഫോറം |
| 05 - 09 : | അടിമാലി ബൈബിൾ കൺവെൻഷൻ |
| 10 - 12 : | വിവാഹ ഒരുക്ക ധ്യാനം |
| 13 : | പെസഹാ |
| 14 : | പീഡാനുഭവ വെള്ളി |
| 16 : | ഉയിർപ്പ് ഞായർ |
| 16 - 21 : | എഫാത്ത ധ്യാനം |
| 21 - 23 : | ഏലീശ്വാ ധ്യാനം |
| 21 - 23 : | നവോമി ധ്യാനം |
| 24 - 26 : | വിവാഹ ഒരുക്ക ധ്യാനം |
| 26 - മെയ് 01 : | യുവജനങ്ങൾക്ക് എഫാത്ത ധ്യാനം |

# അറിയിപ്പുകൾ

**എയ്ജഡ് ഹോം ഭൂമിയാംകുളം**

ഭൂമിയാംകുളത്തുള്ള മദർതെരേസാ ഹോമിനോടനുബന്ധിച്ച് 5-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെ പഠിക്കുന്ന നിർധനരായ പെൺകുട്ടികൾക്കുവേണ്ടി ഒരു ബാലികാഭവൻ 2014 മുതൽ പ്രവർത്തിച്ചു വരുന്നു.

അതോടൊപ്പം നിർധനരും ആരും സംരക്ഷിക്കാനില്ലാത്തവരുമായ പ്രായമായ സ്ത്രികൾക്കുവേണ്ടി ഒരു എയ്ജഡ് ഹോമും പുതുതായി തുടങ്ങിയിരിക്കുന്നു. ഇപ്പോൾ 10 പേർക്കുള്ള സൗകര്യമാണുള്ളത്. വാർദ്ധക്യം ബാധിച്ചവരും സ്വന്തം കാര്യങ്ങൾ ചെയ്യാൻ കഴിയുന്നവരെയുമാണ് പുതിയ കെട്ടിടം ആകുന്നതുവരെ എടുക്കാൻ ഉദ്ദേശിക്കുന്നത്. കെട്ടിടത്തിന്റെ പണി പൂർത്തിയാകുന്ന

തനുസരിച്ച് കൂടുതൽ പേരെ ശുശ്രൂഷിക്കുവാൻ സാധിക്കും. ഇത് ഒരറിയിപ്പായി സ്വീകരിച്ച് അച്ചന്റെ ഇടവകയിൽ അറിയിക്കുമല്ലോ. ഇപ്രകാരമുള്ള സ്ത്രീകൾ അച്ചന്റെ ഇടവകാതിർത്തിയിലോ, പരിചയത്തിലോ, അറിവിലോ ഉണ്ടെങ്കിൽ താഴെ കൊടുത്തിരിക്കുന്ന ഫോൺ നമ്പറിൽ ഞങ്ങളെ അറിയിക്കുമല്ലോ.

ബാലികാ ഭവനത്തിലേക്കും അർഹരായ കുട്ടികൾ ഉണ്ടെങ്കിൽ ഞങ്ങളെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

ഫോൺ : 7025316945

**ഗ്രീൻ പ്രോട്ടോക്കോളും പള്ളികളും**

വളരെയധികം പ്രാധാന്യമുള്ള ഒരു വിഷയമാണല്ലോ പാരിസ്ഥിതിക സംരക്ഷണം. പുരോഗതിയുടേയും, സൗകര്യത്തിന്റെയും, ജീവിതനിലവാരത്തിന്റെയുമൊക്കെ പേരിൽ നാമെല്ലാവരും ഇപ്പോൾ 'Use and Throw' സംസ്കാരത്തിന്റെ വക്താക്കളായി മാറിക്കൊണ്ടിരിക്കുകയാണ്. ഒറ്റത്തവണ ഉപയോഗിച്ചതിനുശേഷം വലിച്ചെറിയുന്ന പ്ലാസ്റ്റിക് വസ്തുക്കൾ നമ്മുടെ നിത്യജീവിതത്തിന്റെ ഭാഗമായി തീർന്നിരിക്കുകയാണ്. ഇവ പരിസ്ഥിതിക്കും മനുഷ്യന്റെ നിലനിൽപ്പിനുതന്നെയും വെല്ലുവിളിയായി മാറിയിരിക്കുന്നു. ഈ സാഹചര്യത്തിലാണ് സംസ്ഥാന ഗവൺമെന്റിന്റെ നയം എന്നതിലുപരി 'ഗ്രീൻ പ്രോട്ടോക്കോൾ' വരും തലമുറയുടെയും പ്രകൃതിയുടെയും നിലനില്പ്പിനുതന്നെ അത്യന്താപേക്ഷിതമാകുന്നത്. പ്രകൃതി സൗഹൃദ വസ്തുക്കളുടെയും പുനരുപയോഗ സാധ്യമായ ഉല്പ്പന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിച്ച് ഡിസ്പോസിബിൾ, പ്ലാസ്റ്റിക്, പേപ്പർ ഉത്പന്നങ്ങളുടെ ഉപയോഗം നിയന്ത്രിച്ചാൽ മാത്രമെ പ്രതിദിനം വർദ്ധിച്ചുവരുന്ന മാരക രോഗങ്ങളുടെയും സംസ്കരിക്കാനാകാത്ത മാലിന്യകൂമ്പാരത്തിന്റെയും തോത് നിയന്ത്രിക്കാനാകൂ.

ഇത്തരത്തിലുള്ള ഒരു മഹത്തായ സംരഭത്തിന്റെ ആദ്യപടി എന്ന നിലയിലാണ് ജില്ലാ ഭരണകൂടത്തിന്റെയും ശുചിത്വമിഷന്റെയും നേതൃത്വത്തിൽ ബഹുജന പങ്കാളിത്തത്തോടെ നടക്കുന്ന പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ആദ്യ



കുർബാന, വിവാഹം, തിരുനാളുകൾ, സഭയുമായി ബന്ധപ്പെട്ട മറ്റ് ആഘോഷ ചടങ്ങുകളിലെല്ലാം ഗ്രീൻപ്രോട്ടോക്കോൾ നടപ്പിലാക്കാനായാൽ അത് വലിയൊരു നേട്ടം തന്നെയാകും. ആയതിന് ഓരോ ഇടവകയിലെയും മുഴുവൻ ആളുകളുടെയും പരിപൂർണ്ണ പിന്തുണയും സഹകരണവും ആവശ്യമാണ്. ഇടവകയിൽ നടക്കുന്ന വിവാഹങ്ങളിൽ വധൂവരന്മാരുടെ മേൽവിലാസവും വിശദാംശങ്ങളും tscidukki@gmail.com എന്ന ഈമെയിൽ ഐഡിയിലേക്ക് അയച്ചാൽ അവർക്ക് ആശംസകൾ നേരുന്നതിനൊപ്പം ഗ്രീൻ പ്രോട്ടോക്കോൾ വിവാഹത്തിന് അവരെ പ്രേരിപ്പിക്കുകയും ചെയ്യാൻ ജില്ലാ ശുചിത്വമിഷന് കഴിയുമെന്നും അതിലൂടെ വലിയ ഒരളവിൽ പ്ലാസ്റ്റിക് പേപ്പർ മാലിന്യങ്ങൾ കുറയ്ക്കാൻ സാധിക്കുമെന്നും അറിയിക്കട്ടെ. ഞായറാഴ്ച പ്രസംഗത്തിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ നേരിട്ട് ഇടവകാംഗങ്ങളെ ബോധവത്കരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**എന്തിനാണ് ഗ്രീൻ പ്രോട്ടോക്കോൾ?**

മണ്ണിനും മനുഷ്യനും മനുഷ്യരാശിക്കും ദുരന്തസൂചന നല്കിക്കൊണ്ട് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും, ഇനവും വർദ്ധിച്ചുവരുന്നു. ആഗോളവത്കരണവും കമ്പോളീകരണവും, ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള വ്യഗ്രതയും നമ്മെ എത്തിച്ചിരിക്കുന്നത് മാലിന്യകൂമ്പാരങ്ങളിലേക്കും മാറാവ്യാധികളിലേക്കുമാണ്. മാലിന്യകൂനകൾ ഉയരുന്നതും മാറാവ്യാധികൾ പടരുന്നതും ആയത് പരിഹരിക്കാൻ മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികൾ പെരുകുന്നതും സ്ഥിരം കാഴ്ചയാണ്. നമ്മുടെ സമ്പത്തിന്റെ നല്ലൊരു പങ്കും ഇത്തരത്തിൽ അറിഞ്ഞോ അറിയാതയോ നാം ചെലവഴിച്ച് തീർക്കുകയാണ്. ഫലം ആരോഗ്യനഷ്ടം, ധനനഷ്ടം, വരുംതലമുറയുടെ ഭാവി അനിശ്ചിതത്വത്തിലേക്കും എത്തിച്ചേരും. 'രോഗം വന്നിട്ട് ചികിത്സിക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ നോക്കുക' എന്ന ആപ്തവാക്യം ശുചിത്വം മുന്നോട്ട് വയ്ക്കുന്ന ഗ്രീൻ പ്രോട്ടോക്കോളിലൂടെ മറ്റൊരു വ്യാഖ്യാനത്തിലേക്ക് എത്തുകയാണ്. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുന്നതിനുള്ള പോംവഴി അന്വേഷിച്ച് നടക്കാതെ മാലിന്യ

ഉത്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

**എന്താണ് ഗ്രീൻ പ്രോട്ടോക്കോൾ?**

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിനുവേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾക്ക് പ്രചാരം കൊടുക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിലൂടെ വളമാക്കി മാറ്റുകയും ചെയ്യുകയെന്നതാണ് ഗ്രീൻ പ്രോട്ടോക്കോളിന്റെ അടിസ്ഥാന തത്വം. ഇത്തരത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതു മൂലവും, കത്തിക്കുന്നതുമൂലവുമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ കുറയ്ക്കുന്നതിനും ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജനപങ്കാളിത്തം ഉണ്ടാകുന്ന ഉത്സവങ്ങളിലും, മേളകളിലും, വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്.

**ഗ്രീൻ പ്രോട്ടോക്കോൾ തത്വങ്ങൾ ചുവടെ ചേർക്കുന്നു**

1. നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം (പ്ലാസ്റ്റിക്, പേപ്പർ ഉൾപ്പെടെ) ഡിസ്പോസിബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കുക.
2. ഡിസ്പോസിബിൾ വസ്തുക്കൾക്ക് പകരം കഴുകി ഉപയോഗിക്കാൻ പറ്റുന്ന സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക.
3. നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായും പാലിക്കുകയും ചെയ്യുക.
4. ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരംതിരിക്കുക.



5. ജൈവമാലിന്യം കമ്പോസ്റ്റിലൂടെ വളമാക്കുകയോ, ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.
6. അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കുന്നതടക്കം നിശ്ചിത അളവാകുമ്പോൾ പാഴ്വസ്തു വ്യാപാരികൾക്ക് പുനചംക്രമണത്തിനായി കൈമാറുകയും ചെയ്യുക.
7. ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിക്കേണ്ടതും ആയത് ശേഖരിക്കുന്ന പാഴ്വസ്തു വ്യാപാരികൾക്ക് യഥാസമയം കൈമാറേണ്ടതുമാണ്.
8. ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും, തുണിയിലോ, ചണത്തിലോ, പേപ്പറിലോ തുടങ്ങി പ്രകൃതിക്കിണങ്ങുന്ന സഞ്ചികളിൽ കൈയ്യിൽ കരുതുകയും ചെയ്യുക.
9. സാധനങ്ങൾ പരമാവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതും, കടകളിൽ പോകുമ്പോൾ പ്രത്യേകം പ്രകൃതി സൗഹൃദ സഞ്ചികൾ അവശ്യാനുസരണം കൈയ്യിൽ കരുതുകയും ചെയ്യുക.
10. അപകടകരമായ മാലിന്യങ്ങൾ വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും, ആയത് പ്രത്യേകം വൃത്തിയായി സൂക്ഷിക്കേണ്ടതും പുനചംക്രമണത്തിനായി പാഴ്വസ്തുവ്യാപാരികൾക്ക് നല്കേണ്ടതുമാണ്.

## മാർ സ്ലീവാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജിക്കൽ സ്റ്റഡീസ് ആത്മജ്യോതി, അടിമാലി

ഇടുക്കി രൂപതയിൽ, ആത്മജ്യോതി അടിമാലിയിൽ (Mar Sleeva Institute of Theological Studies) അത്മായർക്കുവേണ്ടിയുള്ള ദൈവശാസ്ത്രപഠന കോഴ്സ് നടന്നു വരുന്നു. 2013 ഡിസംബറിൽ ആത്മജ്യോതിയിൽ ആരംഭിച്ച ദ്വിവത്സര ഡിപ്ലോമ കോഴ്സ് 4-ാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. ആദ്യത്തെ രണ്ടു ബാച്ചുകാർ

തങ്ങളുടെ കോഴ്സ് വിജയകരമായി പൂർത്തിയാക്കി. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി കോഴ്സ് പൂർത്തിയാക്കിയ രണ്ടാം ബാച്ചുകാർക്കുള്ള ബിരുദദാന ചടങ്ങ്, 2017 ഏപ്രിൽ 1-ാം തീയതി രാവിലെ 10.00 മണിക്ക് ആത്മജ്യോതിയിൽ നടത്തപ്പെടുന്നു. അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവാണ് ഇവർക്കുള്ള സർട്ടിഫിക്കറ്റുകൾ നല്കുന്നത്. വിജയകരമായി കോഴ്സ് പൂർത്തിയാക്കിയവർക്ക് ഹൃദയം നിറഞ്ഞ അനുമോദനങ്ങൾ.

2017 ഏപ്രിൽ 1-ാം തീയതി മുതൽ 4-ാം ബാച്ച് ആരംഭിക്കുന്നു. നമ്മുടെ ഇടവകകളിൽനിന്നും സൺഡേസ്കൂൾ അദ്ധ്യാപകർ, മാതൃവേദി അംഗങ്ങൾ, യുവജനങ്ങൾ, പിതൃവേദി അംഗങ്ങൾ തുടങ്ങിയവരിൽ ആരെയെങ്കിലും ഈ കോഴ്സിലേയ്ക്ക് പറഞ്ഞയക്കുവാൻ ശ്രദ്ധിക്കണേ.

## പുതിയ സാരഥികൾ

### Congregation of the Sisters of Nazareth, St. Mary's Province

Provincial Superior : Rev. Sr. Deepa CSN
Provincial Councilors : Rev. Sr. Grace Maria CSN
: Rev. Sr. Theodesia CSN
: Rev. Sr. SoumyaCSN
: Rev. Sr. Jyothi Maria CSN
: Rev. Sr. Anu Therese CSN

### Congregation of Snehagiri Missionary Sisters St. Mary's Provincial House

Provincial Superior : Rev. Sr. Christy SMS
Councilors : Rev. Sr. Anto
: Rev. Sr. Anie James
: Rev. Sr. Jyothy
: Rev. Sr. Vimal Jose
Provincial Secretary : Rev. Sr. Josni
Provincial Bursar : Rev. Sr. Tissa



### സെന്റ് മർത്താസ് സന്യാസിനീ സഭ: പുതിയ സാരഥികൾ

1. റവ. സി. സ്നോമേരി കോതകുളത്തിൽ - സുപ്പീരിയർ ജനറൽ
2. റവ. സി. ശാന്തി വലിയവീട്ടിൽ - കൗൺസിലർ
3. റവ. സി. ജോസ്ലിൻ കുഴിക്കൊമ്പിൽ - ,,
4. റവ. സി. ലില്ലി തുടിയൻപ്ലാക്കൽ - ,,
5. റവ. സി. ധന്യാ കാര്യാടിയിൽ - ,,
6. റവ. സി. ജാസ്മിൻ കൊച്ചുപറമ്പിൽ - പ്രൊക്യുറേറ്റർ ജനറൽ






01 വെള്ളയാംകുടിയിൽ കരിസ്മാറ്റിക് ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്ത് സന്ദേശം നൽകി.

18\. രാജമുടിയിൽ ഇടുക്കി രൂപതാ വിദ്യാഭ്യാസ ഏജൻസിയുടെ അവാർഡ്ദാന ചടങ്ങിൽ പങ്കെടുത്ത് പ്രതിഭകൾക്ക് അവാർഡുകൾ വിതരണം ചെയ്തു.

* വെള്ളയാംകുടി ഇടവകയിൽ പുതുതായി പണിതീർത്ത വൈദികമന്ദിരം വെഞ്ചിരിച്ചു.

19\. പഴയിരിക്കണ്ടം ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.

25-26 അടിമാലി സെന്റ് ജൂഡ് ഇടവകയിൽ ഇടയനടുത്ത സന്ദർശനം നടത്തി.








| | | |
|---|---|---|
| 01 | 10.00 am | - ആത്മജ്യോതി, അടിമാലി |
| 02 | | - പള്ളി വിസീത്ത, കൂമ്പൻപാറ |
| 04 | 10.00 am | - Study Forum, അടിമാലി |
| 05 | 10.00 am | - Study Forum, വെള്ളയാംകുടി |
| 08 | 09.30 am | - Minor Ordination, കത്തീഡ്രൽ |
| 09 | 07.00 am | - ഓശാനഞായർ തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 13 | 07.00 am | - മൂറോൻ വെഞ്ചരിപ്പ്, കത്തീഡ്രൽ |
| * | 04.00 pm | - കാലുകഴുകൽ ശുശ്രൂഷ, കത്തീഡ്രൽ |
| 14 | 07.00 am | - ദുഃഖവെള്ളി തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 14 | 07.00 am | - വലിയ ശനിയാഴ്ച തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 16 | 03.00 am | - ഉയിർപ്പിന്റെ തിരുക്കർമ്മങ്ങൾ, കത്തീഡ്രൽ |
| 18 | 09.30 am | - Vestition CMC, കത്തീഡ്രൽ |
| 22 | 11.00 am | - പാരിഷ്ഹാൾ വെഞ്ചരിപ്പ്, ബഥേൽ |
| * | 04.00 pm | - കുരിശുപള്ളി വെഞ്ചരിപ്പ്, കട്ടക്കാല |
| 23 | 05.00 pm | - പാരിഷ്ഹാൾ വെഞ്ചരിപ്പ്, തോപ്രാംകുടി |
| 25 | 09.30 am | - Vestition SABS, കത്തീഡ്രൽ |
| 26 | 09.30 am | - ദൈവാലയകൂദാശ, കുത്തുപാറ |
| 27 | 03.00 pm | - ക്യാപിങ്ങ് സെറിമണി, കരുണാ ഹോസ്പിറ്റൽ |
| 28 | 05.30 pm | - ജൂബിലി സമാപന സമ്മേളനം, ബഥേൽ |
| 29 | 03.00 pm | - വൈദികമന്ദിരം വെഞ്ചരിപ്പ്, ബൈസൺവാലി |
| 30 | 06.30 pm | - കുരിശുപള്ളി വെഞ്ചരിപ്പ്, കാരിത്തോട് |